ഭാഷാപ്രദീപിക

ഒന്നാം ഭാഗം

(ഒന്നും രണ്ടും മൂന്നും ഫോറങ്ങളിലേക്ക്.)



1388

ഗ്രന്ഥകർത്താക്കന്മാർ

ജി. ശങ്കരക്കുറുപ്പ്,

എ. ഡി. ഹരിശർമ്മ.

കെ. കുഞ്ഞയ്യർ ബ്രദേഴ്സ്,

തൃശ്ശിവപേരൂർ.

[കോപ്പ്യവകാശം] 1124 [0—10—5

MORAVIRUL ISLAM HIGH SCHOOL
DHARMAKULAM

ഭാഷാപ്രദീപിക

(ഒന്നാം ഭാഗം)

൧ വാക്യം—മൂന്നു കൂ

ധർമ്മം ജയിക്കുന്നു.

1. 'ധർമ്മം,' 'ജയിക്കുന്നു', ഈ രണ്ടു ശബ്ദങ്ങൾക്കും അർത്ഥമുണ്ട്. ആദ്യത്തേതു് ഒരു ഗുണത്തേയും രണ്ടാമത്തേതു് ഒരു പ്രവൃത്തിയേയും കുറിക്കുന്നതാണല്ലൊ. അർത്ഥമുള്ള ശബ്ദമാകുന്നു പദം. നക്ഷത്രം, പ്രകാശിക്കുന്നു, ഗംഗ, പ്രവഹിക്കുന്നു, ഇവ പദങ്ങളാണു്.

2. 'പ്രകാശിക്കുന്നു' എന്നു മാത്രം പറഞ്ഞാൽ, വക്താവിന്റെ വിചാരം പൂർണ്ണമായിട്ടു വെളിപ്പെടുകയില്ല; ശ്രോതാവിന്റെ ആകാംക്ഷ ശമിക്കയില്ല. എന്തു പ്രകാശിക്കുന്നു, എന്നു കൂടി വ്യക്തമാക്കിയാൽ ആശയം മുഴുവനാകും; ആകാംക്ഷ തീരുകയും ചെയ്യും. 'നക്ഷത്രം പ്രകാശിക്കുന്നു', 'വിളക്കു പ്രകാശിക്കുന്നു', 'സൂര്യൻ പ്രകാശിക്കുന്നു' എന്നെല്ലാം പ്രസ്താവിക്കുമ്പോൾ ഒരു വിചാരം സ്പഷ്ടമാകുന്നുണ്ട്. ഇങ്ങനെ മനോഗതം വിശദമാക്കുന്ന പദസമൂഹമാണു വാക്യം. 'ധർമ്മം ജയിക്കുന്നു' 'ഗംഗ പ്രവഹിക്കുന്നു', ഇവയും ഉദാഹരണങ്ങളാകുന്നു.

3. ദൃഷ്ടാന്തങ്ങളിൽ പദങ്ങളെ ചേർന്നാണു വാക്യമുണ്ടാകുന്നതു് എന്നു വ്യക്തമായിരിക്കുമല്ലൊ. ഏതെങ്കിലും വിധത്തിൽ കുറെ പദങ്ങളെ ചേർന്നാൽ വാക്യമാവുകയില്ല. വാക്യത്തിലെ പദങ്ങളെ ശ്രോതാവിന്റെ ആകാംക്ഷക്കു പൂർത്തിവരുത്തുവാൻ പരസ്പരബന്ധത്തോടുകൂടി പ്രയോഗിക്കുന്നവയായിരിക്കണം 'നക്ഷത്രം, പ്രകാശിക്കുന്നു' എന്ന രണ്ടു പദം ചേർന്നു ഒരു വസ്തുത വെളിപ്പെടുത്തുന്നു. ആകാംക്ഷാപൂർത്തിക്കു രണ്ടു പദമുൾക്കൊള്ളുന്നതു

കഴികയില്ല. 'പ്രകാശിക്കുക' എന്ന പ്രവൃത്തി ചെയ്യുന്നതു നക്ഷത്രമാകയാൽ രണ്ടിനും അന്യോന്യബന്ധവും ഉണ്ട്.

4. ഒരു വാക്യത്തിൽ കുറഞ്ഞപക്ഷം രണ്ടു പദം ഉണ്ടായിരിക്കുമെന്നു ഉദാഹരണങ്ങളിൽനിന്നു ഗ്രഹിക്കാം. സംസാരഭാഷയിൽ ചിലപ്പോൾ വാക്യത്തിലെ ചില പദങ്ങളെ ലോപിക്കുക പതിവാണ്. സംസാരിക്കുന്ന ഒരാളെ ശ്രവിക്കുന്ന അന്യനോടു 'വരുന്നുവോ?' എന്നു ചോദിച്ചെന്നുവരാം. 'നിങ്ങളും വരുന്നുവോ?' എന്നായിരിക്കുമല്ലൊ ആ വാക്യത്തിന്റെ പൂർണ്ണരൂപം. പ്രയോഗിക്കാതെതന്നെ സന്ദർഭംകൊണ്ടു ഗ്രഹിക്കാമെങ്കിലേ പദങ്ങളെ ലോപിപ്പിക്കാവൂള്ളൂ.

5. 'ധർമ്മം ജയിക്കുന്നു' എന്ന വാക്യത്തിൽ ധർമ്മത്തെ സംബന്ധിക്കുന്ന ഒരാശയം മാത്രമേയുള്ളൂ. ഇപ്രകാരം ഏതെങ്കിലും ഒന്നിനെപ്പറ്റിയുള്ള കേവലമായ ഒരു വിചാരത്തെ ബോധിപ്പിക്കുന്ന പദസമൂഹം ചൂർണ്ണികാവാക്യമാകുന്നു. 'രാമൻ പോവുകയും കൃഷ്ണൻ വരികയുംചെയ്തു' എന്ന വാക്യത്തിൽ രാമനേയും കൃഷ്ണനേയുംകുറിച്ചുള്ള ആശയം കലർന്നിട്ടുള്ളതിനാൽ അതു ചൂർണ്ണികയല്ല. 'ഞാൻ വിചാരിച്ച കായ്യം നടന്നു', എന്ന വാക്യത്തിലും പ്രാധാന്യമൊപ്പമല്ലെങ്കിലും 'എന്നെ'യും 'കായ്യ'ത്തേയും സംബന്ധിക്കുന്ന ഓരോ വിചാരം ചേർന്നിട്ടുണ്ട്. പ്രസ്തുത വാക്യവും ചൂർണ്ണികയല്ലെന്നു പറയേണ്ടതില്ലല്ലൊ. ചൂർണ്ണികാവാക്യത്തിൽ കേവലമായ ഒരാശയം മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ.

വേറെ ഉദാഹരണം:—

1. വെളിച്ചം അതിവേഗത്തിൽ സഞ്ചരിക്കുന്നു. 2. ഗംഗ ഹിമവാനിൽനിന്നു ഉത്ഭവിച്ചു, ഹിന്ദുസ്ഥാനത്തിൽക്കൂടി ഒഴുകി വംഗസമുദ്രത്തിൽ ചെന്നുചേരുന്നു. 3. ഞാൻ എന്റെ മാതൃഭാഷയെ ഏറ്റവും സ്നേഹിക്കുന്നു.

SUNNAVIRUDH ISLAMIC

6. ചിഹ്നനം. ഒരു വാക്യം അവസാനിക്കുമ്പോൾ അതു സൂചിപ്പിക്കുവാൻ '.' ഈ ചിഹ്നം ഇടണം. ഇതിനു 'ബിന്ദു' എന്നു പറയുന്നു. പ്രോദ്യരൂപത്തിലാണ് വാക്യമെങ്കിൽ '?' ഈ ചിഹ്നമാണ് ഇടേണ്ടതു്.

ഉദാഹരണം:—

ആരാണ് സത്യവാൻ? വാല്മീകിയോ കാളിദാസനോ വലിയ കവി?

അഭ്യാസം 1.

എ. ചേരുന്ന വാക്യം പൂർണ്ണമാക്കുക.

1. — അസ്തമിക്കുന്നു.
2. — വീടുണ്ടു്.
3. — ഭരിക്കുന്നു.
4. — വീഴുന്നു.
5. — പാടുന്നു.
6. — സഞ്ചരിക്കുന്നു.
7. — തകരുന്നു.
8. — ഉറങ്ങുന്നു.
9. — ജയിക്കട്ടെ.
10. — സമ്മാദിക്കുവിൻ.

ബി. 1. അഗ്നി —
2. സമുദ്രം —
3. രാജാവു് —
4. സന്ന്യാസി
5. ക്രൂരജന്തുക്കൾ
6. കഷ്ടകൻ
7. നാടൻ —
8. ധൂമകേതു —
9. ബാലിക —

സി. 1. ശത്രുക്കൾ—ആക്രമിച്ചു.
2. നടി—ആഹ്ലാദിപ്പിക്കുന്നു.
3. കുട്ടി—തട്ടിമറിച്ചു.
4. ഭക്തൻ—വന്ദിക്കുന്നു.
5. ചിത്രകാരൻ—വരയ്ക്കുന്നു.
6. പൗരന്മാർ—നീതിപാലിക്കണം
7. കവി—നിർമ്മിക്കുന്നു.
8. വാല്മീകി—ശപിച്ചു.

ഡി. വാക്യാവസാനത്തിൽ യോഗ്യമായ ചിഹ്നം ഇടുക:—

1. ഭാഷ ആശയങ്ങളെ പ്രകാശിപ്പിക്കുവാനുള്ള മാധ്യമമാകുന്നു
2. ഗദ്യമോ പദ്യമോ അധികം ഭീഷണമായതെന്നു തീരുമാനിക്കുന്നു
3. രാമൻ വന്നു
4. രാമൻ എന്നു വന്നു
5. ഭാരതം ഇതിഹാസമാകുന്നു
6. മലയാളം തമിഴന്റെ പുത്രിയല്ല
7. സ്വാർത്ഥമോ പരമാർത്ഥമോ വലുതു്

---

2. കർത്താവ്, കർമ്മം, ക്രിയ.

a. മഴവില്ല് മറയുന്നു.

b. രാജാവു പ്രജകളെ രക്ഷിക്കുന്നു.

1. പ്രഥമവാക്യത്തിൽ രണ്ടു പദങ്ങളുണ്ടല്ലൊ. 'മറയുന്നു', എന്നതു നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്നു. അതു ക്രിയയാണു്. എന്തു മറയുന്നു എന്ന ജിജ്ഞാസയ്ക്കു സമാധാനം നല്കുന്നതു 'മഴവില്ലാ'കുന്നു. ക്രിയ ചെയ്യുന്ന വസ്തു കർത്താവാണു്. പ്രഥമവാക്യത്തിലെ കർത്തൃപദം മഴവില്ലാകുന്നു.

കർത്താവു	ക്രിയ
മഴവില്ലു്	മറയുന്നു

2. ദ്വിതീയവാക്യത്തിലെ ക്രിയ 'രക്ഷിക്കുന്നു' എന്നാണല്ലൊ. ആ വ്യാപാരംചെയ്യുന്ന 'രാജാവു്' കർത്താവുമാകുന്നു. കർത്തൃപദവും ക്രിയാപദവും ചേർന്നാലും ഈ വാക്യത്തിന്റെ ആകാംക്ഷ പൂർണ്ണമാവുകയില്ല. 'ആരെ രക്ഷിക്കുന്നു' എന്ന ചോദ്യം പിന്നേയും പുറപ്പെടുന്നു. രക്ഷണക്രിയ ചെയ്യുന്നതു രാജാവും അതിന്റെ ഫലം അനുഭവിക്കുന്നതു 'പ്രജകളും' ആകുന്നു. ക്രിയ ചെയ്യുന്ന വസ്തു കർത്താവും അതിന്റെ ഫലം അനുഭവിക്കുന്നതു കർമ്മവുമാകുന്നു.

കർത്താവു്	കർമ്മം	ക്രിയ
രാജാവു	പ്രജകളെ	രക്ഷിക്കുന്നു

3. കർത്താവില്ലാത്ത ക്രിയ നടക്കുകയില്ല. അതിനാൽ അതിനു പ്രാധാന്യം കൂടും. എല്ലാ ക്രിയകൾക്കും കർത്താവു വേണമെങ്കിലും ചിലതിനു കർമ്മം ഉണ്ടായിരിക്കയില്ല. 'സൂര്യൻ ഉദിക്കുന്നു', 'മഴവില്ലു മറയുന്നു', ഇവ ഉദാഹരണങ്ങളാണു്;

ഉദിക്കുക എന്ന ക്രിയയുടെ ഫലം സൂര്യനെത്തന്നെയാണു ആശ്രയിച്ചുനില്ക്കുന്നതു്. 'മറയുക' എന്ന ക്രിയയുടെ വ്യാപാരത്തിനും, 'അപ്രത്യക്ഷമാവുക' എന്ന ഫലത്തിനും, മഴവില്ലുതന്നെയാണു് അവലംബം. രണ്ടു വാക്യത്തിലും ആകാംക്ഷാപൂരണത്തിനു കർമ്മപദം ആവശ്യമില്ല.

അഭ്യാസം 2.

(1) ചില ക്രിയകളുടെ ആകാംക്ഷാപൂർത്തിക്കു് കർമ്മം ആവശ്യമില്ലാത്തതു എന്തുകൊണ്ടു് ? (2) എന്തുകൊണ്ടാണു് എല്ലാക്രിയകൾക്കും കർത്തൃപദാപേക്ഷയുണ്ടെന്നു പറയുന്നതു് ? (3) താഴെ എഴുതുന്ന വാക്യങ്ങളിലെ കർത്തൃപദവും കർമ്മപദവും, ക്രിയാപദവും പട്ടിക വരച്ചെഴുതുക:—

1. പുഷ്പം വിടർന്നു. 2. വേടൻ മൃഗങ്ങളെ കൊല്ലുന്നു. 3. യുദ്ധം ലോകക്ഷേമത്തെ നശിപ്പിക്കുന്നു. 4. രാധ വീണ വായിക്കുന്നു. 5. കർത്താവു് ക്രിയ ചെയ്യുന്നു. 6. കർമ്മം ഫലം അനുഭവിക്കുന്നു.

(4) കർമ്മപദം ചേർക്കുക.

1. അദ്ധ്യാപകൻ പഠിപ്പിക്കുന്നു. 2. മാതാപിതാക്കന്മാർ സ്നേഹിക്കുന്നു. 3. പടയാളികൾ ആക്രമിക്കുന്നു. 4. കൃഷിക്കാരൻ വിതയ്ക്കുന്നു. 5. ആശാരി പണിയുന്നു.

(5) ഉചിതമായ കർത്തൃപദം ചേർക്കുക:—

1. പുസ്തകം എഴുതുന്നു. 2. പാട്ടുപാടുന്നു. 3. അപരാധികളെ ശിക്ഷിക്കുന്നു. 4. ജീവികളെ ഹിംസിക്കയില്ല. 5. മാംസം ഭക്ഷിക്കുന്നു.

നാമം

A.

1. കുയിൽ പാടുന്നു. 2. കുട്ടി ഉറങ്ങുന്നു.
3. വിത്തു മുളയ്ക്കുന്നു. 4. താമരപ്പൂ വിടരുന്നു.

ഈ വാക്യങ്ങളിൽ കാണുന്ന കുയിൽ, കുട്ടി, വിത്തു, താമരപ്പൂ എന്ന പദങ്ങളും ഓരോ വസ്തുക്കളുടെ പേരുകളാകുന്നു. ഇ

രുമ്പ്, ആകാശം, നദി, വീട് മുതലായവയും പേരുകൾതന്നെ. ഇങ്ങനെ വസ്തുക്കളുടെ പേരുകളായി ഭാഷയിൽ അനേകം ശബ്ദങ്ങളുണ്ട്. എന്തിൻെറയെങ്കിലും പേരായ ശബ്ദം നാമമാകുന്നു.

2. ആളുകളുടേയോ ജന്തുക്കളുടേയോ പേരുകൾമാത്രമേ നാമങ്ങളാകയുള്ള എന്നു തെറ്റിദ്ധരിക്കരുത്. സ്ഥലങ്ങൾ, വൃക്ഷങ്ങൾ, ചെടികൾ, ഭക്ഷണപദാർത്ഥങ്ങൾ മുതലായവയുടെ പേരുകളും നാമങ്ങൾതന്നെ. 'ചുവപ്പ്' ഒരു നിറത്തിൻെറ പേരാകയാൽ അതും നാമമാകുന്നു. ഇങ്ങനെ നോക്കിയാൽ ഭാഷയിലെ പദങ്ങളിൽ ഒരു വലിയ ഭാഗം നാമങ്ങളാണെന്നു നിങ്ങൾക്കു മനസ്സിലാകും.

താഴെ എഴുതുന്ന വാക്യങ്ങളിൽനിന്നു നാമപദങ്ങൾമാത്രം തിരഞ്ഞെടുത്തു കാണിക്കുക.

1. രണ്ടു പട്ടികൾകൂടി ഒരു പശുവിനെ ഓടിച്ചു. 2. ആനകൾ തടിവലിക്കുന്നു. 3. ഇരുമ്പിനു നല്ല ഉറപ്പുണ്ട്. 4. ദശരഥൻ, കൌസല്യ, കൈകേയി, സുമിത്ര എന്നിങ്ങിനെ മൂന്നു ഭാര്യമാരുണ്ടായിരുന്നതിൽ കൌസല്യയിൽ ശ്രീരാമൻ എന്ന പുത്രനുണ്ടായി. 5. ചില പക്ഷികൾ പറക്കുമ്പോൾ അവയുടെ ചിറകടിയുടെ ഒച്ച വളരെ അകലത്തിൽപോലും കേൾക്കാം.

B

1. പനിനീർപ്പൂവിന് നല്ല സുഗന്ധമുണ്ട്. 2. നായാട്ടപ്പട്ടിക്കു വളരെ ശൌര്യമുണ്ട്. 3. ശ്രീരാമൻെറ ധൈര്യം രാക്ഷസന്മാരെ വിറപ്പിച്ചു.

ഇവയിലെ നാമങ്ങളെ പരിശോധിക്കുക. പനിനീർപ്പൂ, നായാട്ടപ്പട്ടി, ശ്രീരാമൻ, രാക്ഷസന്മാർ എന്നീ നാമങ്ങൾ ഓരോ വസ്തുവിൻെറ, അല്ലെങ്കിൽ ദ്രവ്യത്തിൻെറ പേരുകളാണ്. സുഗന്ധം, ശൌര്യം, ധൈര്യം ഇവ ആ വസ്തുക്കളുടെ ഗുണത്തെ കുറിക്കുന്നു. ദ്രവ്യത്തെ ആശ്രയിച്ചു നില്ക്കുന്ന ധർമ്മമാണ് ഗുണം.

ധൈര്യം ഒരാളെ ആശ്രയിച്ചല്ലാതെ നില്ക്കുകയില്ലല്ലോ. അതു പോലെ സുഗന്ധം എന്താണെന്നു മനസ്സുകൊണ്ടു സങ്കല്പിക്കുകയും അനുഭവിച്ചറിയുകയും ചെയ്യാമെന്നല്ലാതെ അതിനെ ഒരു ദ്രവ്യത്തിൽനിന്നു വേർതിരിച്ചെടുക്കുക സാധ്യമല്ല. ഇങ്ങനെ ദ്രവ്യത്തെ ആശ്രയിച്ചുനില്ക്കുന്ന ധർമ്മങ്ങളെ ഗുണങ്ങൾ എന്നു പറയുന്നു. ഭയം, സാമർത്ഥ്യം, വെളുപ്പ്, അറിവില്ലായ്മ, അഴക് മുതലായവ ഗുണങ്ങളാകുന്നു.

താഴെ പറയുന്ന വാക്യങ്ങളിലുള്ള ഗുണങ്ങളുടെ പേരായ ശബ്ദങ്ങൾ പറയുക.

1. ലോകത്തിൽ നന്മയും തിന്മയും ഇടകലർന്നു ഇരിക്കയുള്ളൂ. 2. സന്തോഷം ചിലപ്പോൾ മനുഷ്യർക്കു ഭ്രാന്തുപിടിപ്പിക്കാറുണ്ട്. 3. ഞാൻ ഭയംകൊണ്ടു വിറച്ചുപോയി. 4. മിടുക്കുള്ള വിദ്യാർത്ഥികൾ ഏളുപ്പത്തിൽ പഠിക്കുന്നു. 5. ദുർഗ്ഗന്ധമുള്ള പുഷ്പങ്ങളും ഇല്ലെന്നില്ല.

C.

'രാമചന്ദ്രൻ കളിയിൽ വളരെ സാമർത്ഥ്യം കാണിക്കുന്നു.' എന്ന വാക്യത്തിൽ മൂന്നു നാമങ്ങളുണ്ട്. രാമചന്ദ്രൻ; കളി; സാമർത്ഥ്യം. ആദ്യത്തേതു ഒരു വസ്തുവിന്റേയും, മൂന്നാമത്തേതു ഒരു ഗുണത്തിന്റേയും പേരാകുന്നു. കളി ഒരു വസ്തുവുമല്ല, ഗുണവുമല്ല. അതു ഒരു പ്രവൃത്തിയെ കാണിക്കുന്നു. ഊൺ, ഉറക്കം, നടപ്പു, വിറയൽ, എടുക്കൽ മുതലായവയും ഓരോ പ്രവൃത്തിയുടെ പേരുകളാകുന്നു.

താഴെ ചേർക്കുന്ന വാക്യങ്ങളിൽനിന്നു ക്രിയകളുടെ പേരായിട്ടുള്ള ശബ്ദങ്ങൾ എടുത്തു കാണിക്കുക.

1. പെട്ടെന്നുണ്ടായ വീഴ്ചകൊണ്ടു് അയാളുടെ കാൽ ഒടിഞ്ഞുപോയി. 2. ആ ഭ്രാന്തന്റെ നോട്ടം എന്നെ വല്ലാതെ ഭയപ്പെടുത്തി. 3. ആട്ടവും പാട്ടും അവസാനിച്ചു. എല്ലാവരും ഉറക്കമായി; അപ്പോഴാണു് പിരങ്കികളുടെ മുഴക്കം കേട്ടു തുടങ്ങിയതു്.

D.

വസ്തുക്കളുടെ പേരായ ശബ്ദങ്ങളും, ഗുണങ്ങളുടെ പേരായ ശബ്ദങ്ങളും, പ്രവൃത്തിയുടെ പേരായ ശബ്ദങ്ങളും എന്നിങ്ങനെ നാമം മൂന്നുതരത്തിലുണ്ടെന്നു ഇപ്പോൾ മനസ്സിലായല്ലൊ. ഇവയ്ക്കു ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം എന്നു യഥാക്രമം പേർ പറയുന്നു. നാമങ്ങളുടെ ഈ വിഭാഗത്തെ ഒരു പട്ടികയായി താഴെ കാണിക്കാം.

നാമം.

ദ്രവ്യനാമം	ഗുണനാമം	ക്രിയാനാമം

ഏതു നാമങ്ങളെ തിരഞ്ഞെടുത്തു അവ ഏതു വിഭാഗത്തിൽ പെട്ടവയാണെന്നു പറയുക.

1. പ്രതാപസിംഹന്റെ കൊട്ടാരത്തിൽ മനോഹരങ്ങളായ പുഷ്പങ്ങളെക്കൊണ്ടു നിറഞ്ഞ ഒരു പൂന്തോട്ടമുണ്ടായിരുന്നു. കൊച്ചുസഹോദരന്മാരോടുകൂടി ചമ്പാവതി ഒരിക്കൽ ആ ഉദ്യാനത്തിൽ പ്രവേശിച്ചു. പുഷ്പങ്ങളുടെ ഭംഗിയും സുഗന്ധവും അവളെ വല്ലാതെ ആകർഷിച്ചു, കുട്ടികളുടെ കളിയും, ചിരിയും, സന്തോഷവും, ഉത്സാഹവും അതിരറ്റതായിരുന്നു.

2. പോക്കുള്ളത്തിൽനിന്നു പുറപ്പെട്ട നിലവിളി ദിക്കെങ്ങും മാറ്റൊലികൊണ്ടു. കൈകാലുകളും മുറിഞ്ഞും ദേഹം മുഴുവൻ മുറിവേറ്റും അവിടെക്കിടന്നിരുന്ന ഭടന്മാരുടെ യേനീയമായ കരച്ചിൽ ആരുടെ ഹൃദയത്തേയും അലിയിക്കുന്നതായിരുന്നു. അബലയായ പത്മിനി ഞെട്ടിപ്പോയി. പെട്ടെന്നു ഒരു മൂലയിൽനിന്നു പുറപ്പെട്ട നേരിയ ഞരക്കം അവളുടെ ശ്രദ്ധയെ ആകർഷിച്ചു.

ബി. ഉചിതമായ ഗുണനാമംചേർത്തു, താഴെ കാണിക്കുന്ന ഭാഗങ്ങളുപയോഗിച്ചു് ഓരോ വാക്യമുണ്ടാക്കുക.

1. പശു. 2. സിംഹം. 3. ശരത്ഥൻ. 4. പുസ്തകം
5. കൈ. 6. വെയിൽ. 7. മരം. 8. ഹിമാലയം.
9. മുല്ല. 10. വെള്ളം.

സി. ക്രിയാനാമം പറയുക.

1. വളരുന്നു. 2. മരിക്കുന്നു. 3. തഴയ്ക്കുന്നു. 4. ഉറങ്ങുന്നു.
5. കേറുകുന്നു. 6. ചിരിക്കുന്നു. 7. വിറയ്ക്കുന്നു. 8. ഓടുന്നു.
9. പാടുന്നു. 10. പഠിക്കുന്നു.

---

൪ ക്രിയ

സകർമ്മകം — അകർമ്മകം.

1 പാട്ട്, പാടുന്നു; എഴുത്ത്, എഴുതി; പോക്ക്, പോകും; ഈ മൂന്നു ജോടി പദങ്ങളെ ശ്രദ്ധിക്കുക. എല്ലാം ഓരോ പ്രവൃത്തിയെ കുറിക്കുന്നവയാകുന്നു. എങ്കിലും അവയും തമ്മിൽ ഒരു വ്യത്യാസമുണ്ട്. പാട്ട്, എഴുത്ത്, പോക്ക്, ഇവ ഓരോ പ്രവൃത്തിയുടെ പേരുകളാകുന്നു. പാടുന്നു, എഴുതി, പോകും, ഈ പദങ്ങളും പ്രവൃത്തിക്കു ആധാരമായ സമയത്തെ കൂടി കാണിക്കുന്നു. പ്രവൃത്തിയുടെ പേരായ ശബ്ദങ്ങളും ക്രിയാനാമങ്ങളാണെന്നു പഠിച്ചുകഴിഞ്ഞിട്ടുണ്ടല്ലൊ. കാലം മുതലായ അർത്ഥവിശേഷങ്ങളോടുകൂടി ഒരു പ്രവൃത്തിയെ കുറിക്കുന്ന ശബ്ദങ്ങളും ക്രിയകളാകുന്നു. ഓടുന്നു, വളയുന്നു, മിന്നുന്നു മുതലായവയെല്ലാം ക്രിയകളുടെ കൂട്ടത്തിൽപ്പെടും.

1. ഗംഗ കാശിയിലാകുന്നു. 2. പുസ്തകം വീട്ടിൽ ഉണ്ട്.

ഈ വാക്യങ്ങളിൽ പ്രയോഗിച്ചിട്ടുള്ള 'ആകുന്നു', 'ഉണ്ട്' എന്ന പദങ്ങളും ഒരു പ്രവൃത്തിയെ കുറിക്കുന്നില്ല; ഒരവസ്ഥമയ കാണിക്കയാണു് ചെയ്യുന്നതു്. അവയും ക്രിയകളാകുന്നു. മിക്ക സന്ദർഭങ്ങളിലും മറ്റുപദങ്ങളുടെ സഹായം കൂടിയുണ്ടെങ്കിൽ മാത്രമേ 'ആവുക' എന്ന ക്രിയയുടെ അർത്ഥം പൂർണ്ണമാവുകയുള്ളു.

ഉദാഹരണം: —

1. മീൻ ഭക്ഷ്യയായിരുന്നു. 2. ആ പുഷ്പം മനോഹരമാണ്. 3. ജോസഫ് സമർത്ഥനാകുന്നു.

ഭക്ഷ്യ, മനോഹരം, സമർത്ഥൻ എന്നീ പദങ്ങളാണ് ഇവിടെ ക്രിയാപദങ്ങളുടെ അർത്ഥത്തെ പൂർണ്ണമാക്കുന്നത്.

2. 'രാമൻ കൃഷ്ണനെ വടികൊണ്ട് അടിക്കുന്നു.' ഈ വാക്യത്തിലെ ക്രിയ 'അടിക്കുന്നു' എന്നുള്ളതാണല്ലോ. ആ പ്രവൃത്തിക്ക് രണ്ടംശങ്ങളുണ്ട്. വടി കൃഷ്ണന്റെ ദേഹത്തിൽ ശക്തിയോടുകൂടി കൂട്ടിമുട്ടുക. അതിന്റെ ഫലമായി വേദന തോന്നുക. ആദ്യത്തേത് ക്രിയയുടെ വ്യാപാരവും, രണ്ടാമത്തേത് ആ വ്യാപാരത്തിന്റെ ഫലവുമാകുന്നു. വ്യാപാരം രാമനെയാണ് ആശ്രയിക്കുന്നത്; ഫലമനുഭവിക്കുന്നത് കൃഷ്ണനും. ക്രിയകളിൽ വ്യാപാരം ആരെ ആശ്രയിച്ചുനില്ക്കുന്നുവോ അതു കർത്താവ്. ഫലം അനുഭവിക്കുന്നവൻ കർമ്മം. മേൽകാണിച്ച വാക്യത്തിൽ കർത്താവ് രാമനും കർമ്മം കൃഷ്ണനുമാകുന്നു.

ചില ക്രിയകളിൽ വ്യാപാരവും ഫലവും കർത്താവിനെത്തന്നെ ആശ്രയിച്ചുനില്ക്കും. 'നക്ഷത്രം മിന്നിത്തിളങ്ങുന്നു'; എന്ന വാക്യം നോക്കുക. 'മിന്നിത്തിളങ്ങുക' എന്ന ക്രിയയുടെ അതിന്റെ ഫലമായ പ്രകാശത്തിനും അവലംബം നക്ഷത്രം തന്നെയാണല്ലോ. വ്യാപാരവും ഫലവും രണ്ടവസ്തുവിനെ ആശ്രയിച്ചുനില്ക്കുന്ന ക്രിയ സകർമ്മകം അല്ലാത്തത് അകർമ്മകം. കർമ്മമുള്ളത് സകർമ്മകം; ഇല്ലാത്തത് അകർമ്മകം എന്നും പറയാം.

അഭ്യാസം 4.

(1) സകർമ്മകം, അകർമ്മകം, ഈ ക്രിയകളുടെ സ്വഭാവത്തെ ഉദാഹരണപൂർവ്വം വിവരിച്ചു വ്യക്തമാക്കുക. (2) താഴെ എഴുതുന്നവയിൽ സകർമ്മകങ്ങളേയും അകർമ്മകങ്ങളേയും തരംതിരിച്ചു അവ ഉപയോഗിച്ചു കാരോ വാക്യമുണ്ടാക്കുക.

1. നീയുന്നു. 2. അലക്കുന്നു. 3. കളയുന്നു. 4. കരിയുന്നു. 5. കുളിക്കുന്നു. 6. എരിയുന്നു. 7. വെടുക്കുന്നു. 8. പൂക്കുന്നു. 9. പോകുന്നു. 10. ഉണങ്ങുന്നു. 11. നിറ്റിക്കുന്നു. 12. വായ്ക്കുന്നു. 13. കത്തുന്നു. 14. പഠിക്കുന്നു. 15. ഒടിയ്ക്കുന്നു. 16. വലിയ്ക്കുന്നു. 17. മൂടിയ്ക്കുന്നു. 18. അയയ്ക്കുന്നു. 19. ഉദിക്കുന്നു. 20. സ്നേഹിക്കുന്നു.

---

൫. ആഖ്യ, ആഖ്യാതം.

1. (a) മഹർഷി (b) പണ്ണശാലയിൽ താമസിക്കുന്നു. 2. (a) ഗൌതമൻ (b) രാജധാനിയിൽനിന്നു വനത്തിലേക്കു പോയി. 3. (a) നദീതീരത്തു നിന്നിരുന്ന വാല്മീകി (b) പക്ഷിയെ കൊന്ന കിരാതനെ കോപത്താൽ ശപിച്ചു.

1. മുകളിൽ ഉദ്ധരിച്ചിട്ടുള്ള മൂന്നു വാക്യങ്ങളിൽ മൂന്നു പ്രസ്താവങ്ങളും അടങ്ങിയിരിക്കുന്നു. മഹർഷിയേയും ഗൌതമനേയും നദീതീരത്തു നിന്നിരുന്ന വാല്മീകിയേയും യഥാക്രമം കുറിക്കുന്നവയാണ് അവ. ഏതു വസ്തുവിനെ ഉദ്ദേശിച്ചാണോ പ്രസ്താവിക്കുന്നതു്, അതു ഉദ്ദേശ്യമാകുന്നു. വാക്യത്തിലെ ഉദ്ദേശ്യം ഏതാ അതായിരിക്കും ആഖ്യ. മേൽകാണിച്ച വാക്യങ്ങളിൽ 'a' എന്നു് അടയാളപ്പെടുത്തിയിട്ടുള്ള വാക്യഭാഗം ആഖ്യയാകുന്നു.

2. ഉദ്ദേശ്യത്തെക്കുറിച്ചു, എന്തു പ്രസ്താവിക്കുന്നുവോ അതു വിധേയമാകുന്നു. 'പണ്ണശാലയിൽ താമസിക്കുന്നു', എന്ന പ്രസ്താവം മഹർഷിയെ ആശ്രയിച്ചു നില്ക്കുന്നതായാൽ വിധേയമാണു്. മറ്റു രണ്ടു വാക്യങ്ങളിലും 'b' എന്നു് അടയാളപ്പെടുത്തിയിരിക്കുന്ന ഭാഗം വിധേയമത്രെ. ആഖ്യാതം എന്നു പറയുന്നതു വിധേയമായ വാക്യത്തെയാണു്. വേറെ ഉദാഹരണം:—

ആഖ്യ	ആഖ്യാതം
(1) കഥകളി	ഒരു ദൃശ്യകാവ്യമാകുന്നു.
(2) ഭാഷ	ആശയങ്ങളെ പ്രകാശിപ്പിക്കുവാനുള്ള ഉപകരണമാണ്.
(3) ക്രൂരനായ കിരാതൻ	ഒരു ഗോലുവായ മുനിയാൽ കോപംമൂലം ശപിക്കപ്പെട്ടു.

3. മിക്ക വാക്യങ്ങളിലും ക്രിയയോടുള്ള സംബന്ധം നോക്കുമ്പോൾ കർത്തൃപദത്തിനായിരിക്കും പ്രാധാന്യം. കർമ്മം മുഖ്യമായി വരുന്ന വാക്യങ്ങളും സുലഭമാണ്. ചില വാക്യങ്ങളിൽ കർത്താവിനും കർമ്മത്തിനും പ്രാധാന്യം ഉണ്ടായിരിക്കയില്ല. വാക്യത്തിലെ പ്രധാനപദം ആഖ്യയാകയാൽ ഈ സ്വഭാവഭേദം ഗ്രഹിച്ചിരിക്കേണ്ടതാണ്. മുകളിൽ ഉദാഹരിച്ചിട്ടുള്ള വാക്യങ്ങളിൽ ആദ്യത്തെ രണ്ടിലും കർത്തൃപദത്തിനാണ് പ്രാധാന്യം; ഒടുവിലത്തെ വാക്യത്തിൽ കർമ്മത്തിനാകുന്നു. 'എനിക്കു ഉറങ്ങണം', 'അവനു മിടുക്കുണ്ട്' ഇത്യാദി വാക്യങ്ങളിലെ മുഖ്യപദങ്ങളായ ആഖ്യകൾ കർത്താവോ കർമ്മമോ അല്ല.

അഭ്യാസം 5.

(1) 'ആഖ്യ' എന്നാൽ എന്ത്? സോദാഹരണം വിവരിക്കുക. (2) 'ആഖ്യാതം' എന്നാൽ എന്ത്? സോദാഹരണം വിവരിക്കുക. (3) കർത്താവു ആഖ്യയായി വരുന്ന രണ്ടു വാക്യമെഴുതുക. (4) കർത്താവു ആഖ്യയായി വരുന്ന രണ്ടു വാക്യമെഴുതുക (5) താഴെ കൊടുക്കുന്ന വാക്യങ്ങളിലെ ആഖ്യയും ആഖ്യാതവും വേർതിരിച്ചെഴുതുക. (a) ഹരിശ്ചന്ദ്രൻ എന്ന രാജാവു സത്യം രക്ഷിക്കുവാൻ പത്നിയേയും പുത്രനേയും വിറ്റു. (b) ശാകുന്തളം കാളിദാസനാൽ രചിക്കപ്പെട്ടു. (c) അവനു അങ്ങനെ വരണം.

ന്യ. വിശേഷണം.

(1) ചെറിയ മത്സ്യത്തെ വലിയ മത്സ്യം വിഴുങ്ങി. (2) കാറ്റു പതുക്കെ വീശുന്നു. (3) ഏറ്റവും ചെറിയ പൂവ് വളരെ വേഗത്തിൽ വാടി.

1. പ്രഥമവാക്യത്തിൽ ആകൃതിയെ സംബന്ധിച്ചടത്തോളം വ്യത്യാസമുള്ള രണ്ടു മത്സ്യങ്ങളെപ്പറ്റി പറയേണ്ടിവന്നിട്ടുണ്ട്. 'മത്സ്യം' എന്നുമാത്രം പ്രയോഗിച്ചിരുന്നെങ്കിൽ ഈ ഭേദം വ്യക്തമാകുമായിരുന്നില്ല. ആ ജാതിയിൽപ്പെട്ട ഏതിനേയും പ്രസ്തുത പദംകൊണ്ടു നിർദ്ദേശിക്കാമല്ലൊ. 'ചെറിയ', ഈ രണ്ടു വാക്കുകളും ആകൃതിയിലുള്ള അനന്തരം സൂചിപ്പിച്ച 'മത്സ്യം' എന്ന പദത്തിന്റെ അർത്ഥത്തിൽ ഭേദം വരുത്തുന്നു. ഇപ്രകാരം ഒരു പദത്തിന്റെ അർത്ഥത്തെ ഭേദിപ്പിക്കുന്ന ശബ്ദമാണ് വിശേഷണം. ചെറിയ, വലിയ, ചുവന്ന, വെളുത്ത, തടിച്ച, തുടുത്ത മുതലായ പദങ്ങളെല്ലാം വിശേഷണങ്ങളാകുന്നു. വിശേഷണത്തിന്നു ഭേദകം എന്നും പേരുണ്ട്.

2. 'ചെറിയ', എന്ന വിശേഷണം, മത്സ്യത്തെയാണല്ലൊ വിശേഷിപ്പിക്കുന്നത്. മത്സ്യം വിശേഷ്യമാകുന്നു. വിശേഷണം ഏതു പദത്തിൽ അന്വയിക്കുന്നുവോ അതു വിശേഷ്യം. ദ്വിതീയവാക്യത്തിലുള്ള 'പതുക്കെ' എന്ന വിശേഷണം വീഴുന്നു എന്ന ക്രിയയോടാണ് ചേരുന്നതു്. തൃതീയവാക്യത്തിൽ 'ചെറിയ', 'വേഗത്തിൽ', ഈ വിശേഷണപദങ്ങൾക്കുകൂടി വിശേഷ്യമുണ്ട്. 'എറാവും', 'വളരെ', ഈ ശബ്ദങ്ങൾ യഥാക്രമം 'ചെറിയ', 'വേഗത്തിൽ' ഈ പദങ്ങളുടെ അർത്ഥത്തെ ഭേദപ്പെടുത്തുന്നു.

3. വിശേഷ്യങ്ങളുടെ സ്വഭാവം ആസ്പദമാക്കി വിശേഷണങ്ങളെ മൂന്നു തരമായി തിരിക്കാം. നാമവിശേഷണം, ക്രിയാവിശേഷണം, ഭേദകവിശേഷണം. വലിയ, ചെറിയ, ഇവ നാമത്തെ വിശേഷിക്കുന്നു. 'പതുക്കെ' 'വേഗത്തിൽ' ഈ പദങ്ങളും വിശേഷണങ്ങളും അഥവാ ഭേദകങ്ങളാണല്ലൊ. വേറെ ഉദാഹരണം. (a) നാമവിശേഷണം.

പുതിയ കട; പഴയ നടപടി; താണ നിലം.

(b) ക്രിയാവിശേഷണം.

ഉറക്കെ പറയുന്നു; പതുക്കെ നടക്കുന്നു; കുറച്ചു വൈകി.

(c) ദ്വേകവിശേഷണം.

വളരെ വലിയ; കുറെ പതുക്കെ; ഏറ്റവും വേഗത്തിൽ.

4. വിശേഷണം വിശേഷ്യത്തിനു മുൻപിൽ അടുത്തു തന്നെ പ്രയോഗിക്കണം. ഉദാഹരണങ്ങളിലെല്ലാം ഈ നിയമം അനുസരിക്കുന്നതു നോക്കുക. 'വളരെ വരാൻ വൈകി' എന്നല്ല, 'വരാൻ വളരെ വൈകി' എന്നാണ് ശരിയായ പ്രയോഗം.

അഭ്യാസം 6.

1. വിശേഷണം, വിശേഷ്യം ഇവയെ ഉദാഹരണപൂർവ്വം വിവരിക്കുക. 2. നാമവിശേഷണം, ക്രിയാവിശേഷണം, ദ്വേകവിശേഷണം, ഇവയ്ക്കു നാലുദാഹരണംവീതം എഴുതുക. 3. ഉചിതമായ വിശേഷണപദം ചേർക്കുക.

(a) — കാറ് — വില്ല്
— പുസ്തകം — ബാഗ്

(b) — വീഴുന്നു — മുഴങ്ങി
— മരിച്ചു — തോറ്റു

(c) — ചുവന്ന — തണുത്ത
— കറുത്ത — വളഞ്ഞ

4. വിശേഷണപദങ്ങളിൽ ഏതേതു വിശേഷ്യങ്ങളിൽ അന്വയിക്കുന്നു?

(1) ഇന്നലെ പറഞ്ഞ കഥ തീരെ മറന്നു. (2) അതുവളരെ സ്നേഹിച്ചിരുന്ന ആ സഹോദരൻ ഒടുവിൽ ഇങ്ങനെ പിണങ്ങിയല്ലോ. (3) നീ ഇന്നലെ കൊണ്ടുവന്ന മുഷിച്ച തകര. (4) ഈ കുന്നോടു ഇത്രവേഗത്തിൽ എതിരിടാൻ പാടുപ്പെട്ടതു വളരെ കേമമായി.

---

൭. ചോദ്യവാക്യം.

1. ചന്ദ്രൻ ഉദിച്ചുവോ?
2. പൂച്ചെടി ഉണങ്ങിയോ?
3. പുഷ്പം വിടർന്നുവോ?

1. സംശയം പരിഹരിക്കേണ്ട അവസരത്തിൽ ചോദിക്കുന്ന വാക്യങ്ങളാണിവ. ചന്ദ്രൻ ഉദിച്ചുകഴിഞ്ഞോ ഇല്ലയോ എന്നു ചോദിക്കുന്ന ആൾക്കു നിശ്ചയമില്ല. പുഷ്പം വിടർന്നുവോ എന്നും അയാൾക്കറിഞ്ഞുകൂടാ. തനിക്കു തോന്നിയ സംശയം തീർക്കുന്നതിനുവേണ്ടിയാണ് അയാൾ ഇങ്ങനെ ചോദിക്കുന്നതു്. ഇവ ചോദ്യവാക്യങ്ങളാകുന്നു. ക്രിയയെ ചോദ്യരൂപമാക്കുവാൻ, ഉദ്ധരിച്ച വാക്യങ്ങളിൽ 'ഓ' എന്നു ചേർത്തിരിക്കുന്നു. ചോദ്യരൂപത്തിലുള്ള വാക്യങ്ങളുടെ ഒടുവിൽ ? എന്ന ചോദ്യചിഹ്നം ഉപയോഗിക്കണമെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലൊ.

വേറെ ഉദാഹരണം:—

1. ഇരുട്ടു മാറിയോ? 2. നേരം പുലർന്നുവോ? 3. പക്ഷി പാടുമോ? 4. വ്യാകരണം പഠിക്കണമോ? 5. വ്യായാമം ആവശ്യമാണോ?

2. അല്ല, ഇല്ല, അരുതു് എന്ന ക്രിയകളിൽ അവസാനിക്കുന്ന വാക്യങ്ങളിൽ 'ഏ' എന്നു ചേർത്തു അവയെ ചോദ്യരൂപത്തിലാക്കാം.

ഉദാഹരണം:—

1. ഗംഗ ഹിമവാനിൽനിന്നല്ലെ ഉത്ഭവിക്കുന്നതു്? 2. ഇനി, എനിക്കു പോകരുതേ? 3. നിങ്ങളും എന്നോടുകൂടി വരുന്നില്ലേ? 4. ഞാൻ അതു നേരത്തെ പറഞ്ഞില്ലെ? 5. രാമൻ പറഞ്ഞതല്ലേ പരമാർത്ഥം?

3. ആര്, എന്ത്, ഏതു്, എവിടെ, എന്നു്, എതു, എങ്ങനെ, എപ്പോൾ, ഏവൻ, ഏവം ഇത്യാദി ശബ്ദങ്ങളും വാക്യത്തെ ചോദ്യരൂപമാക്കും.

ഉദാഹരണം:—

1. നിങ്ങളോട് ഇതു ആരു പറഞ്ഞു? 2. എത്ര കാ ലത്തിയാണ് അവിടെ പോകുന്നതു? 3. ഏതു പുസ്തകമാണു നല്ലതു? 4. ഇപ്പോൾ എവിടെനിന്നു വരുന്നു? 5. ഇനി ഇവിടെ എന്നു വരും? 6. ഇതുവേഗം ആ ജോലി എങ്ങിനെ ചെയ്തീർത്തു? 7. നമുക്കിനി എപ്പോൾ കാണാം? 8. ആരാണു നിങ്ങളെ ഈ ജോലി ഏല്പിച്ചതു? 9. എത്ര ദിവസമായി ഞാൻ ഇവിടെ കാത്തുകിടക്കുന്നു? 10. എന്താണ് ഇതിൻറെയൊക്കെ അർത്ഥം? കേൾപ്പോരും കേൾവിയുമില്ലാത്ത നടോയൊ ഇതു?

അഭ്യാസം 7.

2. താഴ കാണിക്കുന്ന വാക്യങ്ങളും ഉത്തരമായി വരാവുന്ന ചോദ്യവാക്യങ്ങളും എഴുതുക:—

(a) ആ പുസ്തകം അത്ര നല്ലതല്ല. (b) ഗോപാലൻ ഇന്നലെ ഇവിടെ വന്നിരുന്നു. (c) ശാസ്ത്രത്തിനു പലതും ചെയ്യാൻ കഴിയും. (d) രാമനാണ് എന്നോടു പറഞ്ഞതു. (e) കാളിദാസൻറെ കൃതിയാണ് ശാകുന്തളം. (f) തീണ്ടൽ ഒരു അനാചാരമാകുന്നു. (g) കേരളം ഒരു പരിഷ്കൃതരാജ്യമാണെന്നു പറയുന്നതു ശരിയല്ല. (h) ബ്രിട്ടിഷ് ചക്രവർത്തി ഇന്ത്യയെ ഭരിക്കുന്നു. (i) ഒരു നല്ല പുസ്തകം എഴുതിത്തീർക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്. (j) മലയാളത്തിൽ രചിച്ച പുസ്തകങ്ങളും ഇംഗ്ലീഷിലില്ല.

2. ചോദ്യവാക്യങ്ങളുടെ ഒടുവിൽമാത്രം ഉചിതമായ ചിഹ്നം ഇടുക: —

1. കട്ടി കരയുന്നുണ്ടോ 2. ഇനി എത്ര ക്ലേശിക്കണം 3. അവൻ പറഞ്ഞതല്ല സത്യം 4. എന്താണ് ഇതുപ്പതി 5. അവൻ എങ്ങോട്ടപ്പോണ് പോയതു 6. എല്ലാം അബദ്ധം മുഴുവൻ അസത്യം 7. ഇപ്പോൾ എന്തിനു വന്ന കുട്ടികാരൻ ഇവിടെ ഇല്ലല്ലോ 8. അയാളുടെ അച്ഛൻ മരിച്ചുവെന്നു കണ്ണുമായി ഇനി ആരാണു അവനു ഒരു താങ്ങ് 9. പട്ടി ചെന്നാൽ പടി താക്കുമോ 10. ഞാൻ എപ്പോഴാണ്

മദ്രാസിലേക്കു പോകേണ്ടതു് എന്തെല്ലാം സാമാനം വാങ്ങണം അച്ഛ
ൻറ കല്പന കാത്തിരിക്കയാണു് ഞാൻ.

വ്യ ദ്രവ്യനാമങ്ങൾ

1. ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം എന്നു നാമങ്ങ
ളെ മൂന്നായി വിഭജിക്കാമെന്നു ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ടല്ലൊ.
ചില വസ്തുക്കളെ ജാതിയും വ്യക്തിയും ആയി തിരിക്കാം. ചി
ലതിനു ജാതിവ്യക്തിഭേദം ഇല്ല. 'മനുഷ്യൻ' ഒരു ജാതിയാകുന്നു.
രാമനും സീതയും അതിൽപ്പെട്ട വ്യക്തികളാണു്. 'നദി' എന്ന
ജാതിയിൽ 'ഗംഗ', 'യമുന', 'കാവേരി', 'പെരിയാർ' മുതലായി
അനേകം വ്യക്തികളുണ്ടു്. 'വെള്ള'ത്തിനു വ്യക്തിഭേദം ഇല്ല.
ഒരു തുള്ളിയായാലും ഒരു പറയായാലും വെള്ളംതന്നെ. അള
വിൽ മാത്രമേ വ്യത്യാസമുള്ളു. ചോറു്, മണ്ണു്, എണ്ണ, ഇരുമ്പു്
മുതലായവയും വ്യക്തിഭേദമില്ലാത്തവയത്രെ.

2. മുകളിൽ വിവരിച്ച സ്വഭാവഭേദത്തെ ആസ്പദമാക്കി
ദ്രവ്യവാചകങ്ങളായ നാമങ്ങളെ മൂന്നായി തിരിക്കാം:—

a. ജാതിയെ കുറിക്കുന്നതു് സാമാന്യനാമം.

ഉദാഹരണം:— മനുഷ്യൻ, നദി, നഗരം, രാജാവു്, രാജ്യം.

b. വ്യക്തിയെ കുറിക്കുന്നതു സംജ്ഞാനാമം.


ഉദാഹരണം:—രാധ, ബ്രഹ്മപുത്ര, മദിരാശി, പ്രതാപസിംഹൻ,
കേരളം.

c. വ്യക്തിഭേദമില്ലാത്ത വസ്തുക്കളെ കുറിക്കുന്നതു മേയനാമം.

ഉദാഹരണം:— ഉപ്പു്, ഇരുമ്പു്, മാംസം, വെള്ളം, എണ്ണ.

3. മൃഗം എന്ന ജാതിയിൽ പെട്ടതാകുന്നു സിംഹം. മൃ
ഗം എന്ന ജാതിയിൽ പെട്ടതാണു് മാവു്. എന്നാൽ ഇവ വ്യ
ക്തിവാചകങ്ങളാണെന്നു തെറ്റിദ്ധരിക്കരുതു്. 'സിംഹം', 'മാ
വു്' മുതലായവയും ഓരോ ജാതിയെയാണു് കുറിക്കുന്നതു്. അതി
നാൽ സാമാന്യനാമങ്ങൾതന്നെ.

പട്ടിക



അഭ്യാസം 8.

(1) ദ്രവ്യനാമവിഭാഗങ്ങൾ എവ? ഉദാഹരണപൂർവ്വം വിവരിക്കുക.

(2) താഴെ എഴുതുന്ന നാമങ്ങൾ ഏതേതു വകുപ്പിൽ പെടുന്നു?

സപ്പാം, കൽക്കട്ട, ചന്ദ്രൻ, സ്ത്രീ, പുരുഷൻ, ജലം, ജമ്മനി, ശ്രീരാമൻ, ജനകി, താമര, തത്ത, പക്ഷി, സിംഹം, മുഖം, ആകാശം, ഭൂമി, സുബ്രഹ്മണ്യൻ, വർത്തമാനപത്രം, മനോരമ, മാതൃഭൂമി.

ൻ. സമുച്ചയം.

a. രാമൻ സമർത്ഥനാകുന്നു. രാമൻ ബുദ്ധിമാനാകുന്നു.

b. രാമൻ സമർത്ഥനും ബുദ്ധിമാനുമാകുന്നു.

1. 'a' വകുപ്പിൽപെട്ട ഓരോ വാക്യവും രാമന്റെ ഗുണത്തെ പ്രകാശിപ്പിക്കുന്നതാണല്ലോ. ഇപ്രകാരം ഒരു ദ്രവ്യത്തെപ്പറ്റി പ്രസ്താവിക്കുമ്പോൾ അതിന്റെ ഓരോ ഗുണത്തേയും സൂചിപ്പിക്കുവാൻ പ്രത്യേകം വാചകം രചിക്കുന്ന പക്ഷം വിവരണം വെറുതെ വളരെ നീണ്ടുപോവുകയും ബാലിശമായിത്തീരുകയും ചെയ്യും. പ്രസ്തുതദോഷം പരിഹരിക്കുവാൻ ഒരുപായം വിശേഷണം, ക്രിയ മുതലായവയെ സമുച്ചയിക്കുകയാണ്. ഈ പദത്തിനു കൂട്ടിച്ചേർക്കുക എന്നർത്ഥമാകുന്നു. 'രാമൻ സമർത്ഥനും ബുദ്ധിമാനും ആകുന്നു.', എന്ന വാക്യത്തിൽ 'സമർത്ഥൻ', ബുദ്ധിമാൻ', ഈ വിശേഷണപദങ്ങളെ 'ഉം' എന്ന ശബ്ദംകൊണ്ടു സമുച്ചയിച്ചിരിക്കുന്നതു നോക്കുക.

2. ഇപ്രകാരം ക്രിയകളേയും സമുച്ചയിക്കാം. 'ബാലൻ ഓടി; ബാലൻ ചാടി', ഇങ്ങനെ ഓരോ പ്രവൃത്തിക്കും ഓരോ വാക്യം പ്രയോഗിക്കുന്നതു മിക്കപ്പോഴും ഭംഗിയായിരിക്കയില്ല. 'ഓടി' 'ചാടി' ഈ രണ്ടു ക്രിയകളെ 'ഓടുകയും ചാടുകയും ചെയ്തു' എന്നു സമുച്ചയിച്ചാൽ വെവ്വേറെ വാക്യം കൂടാതെ കഴിക്കാമല്ലോ.

3. നാമപദങ്ങളേയും സമുച്ചയിക്കാവുന്നതാണ്. 'രാമൻപോയി, ലക്ഷ്മണൻ പോയി, സീത പോയി', എന്നിങ്ങനെ പറഞ്ഞുതുടങ്ങിയാൽ ശ്രോതാവിന്നു നീരസം തോന്നും. 'രാമനും ലക്ഷ്മണനും സീതയും പോയി.' ഈ ഉദാഹരണങ്ങളിൽനിന്നു ഒരു സാമാന്യതത്വം ഗ്രഹിക്കാം. ഒരേ ജാതിയിൽപെട്ട പദങ്ങളെ മാത്രമേ സമുച്ചയിക്കുവാൻ പാടുള്ളു. ആദ്യത്തേതിൽ വിശേഷണങ്ങളേയും രണ്ടാമത്തേതിൽ ക്രിയകളേയും മൂന്നാമത്തേതിൽ നാമങ്ങളേയുമാണു കൂട്ടിച്ചേർത്തിരിക്കുന്നതു്.

അഭ്യാസം 9.

(1) സമുച്ചയിച്ചു ഏകവാക്യമാക്കുക.

a. സൂര്യൻ ഉദിച്ചു. സൂര്യൻ ശോഭിച്ചു.
പകൽ പോയി. രാത്രി വന്നു.
അർജ്ജുനൻ ജയിച്ചു. കണ്ണൻ തോറ്റു.

b. സീത സത്യവതിയാകുന്നു.
സീത ബുദ്ധിമതിയാകുന്നു.
കാശി മനോഹരമായ നഗരമാകുന്നു.
കാശി പരിപാവനമായ ഒരു നഗരമാകുന്നു.
ഗംഗാപ്രവാഹം വെളുത്തിരിക്കുന്നു.
യമുനാപ്രവാഹം കറുത്തിരിക്കുന്നു.

c. വാല്മീകി രാമായണം രചിച്ചു.
വ്യാസൻ ഭാരതം രചിച്ചു.
രാമൻ യുദ്ധം ചെയ്തു.
ലക്ഷ്മണൻ യുദ്ധം ചെയ്തു.
സീത അഗസ്ത്യനെ വന്ദിച്ചു.
സീത ലോപാമുദ്രയെ വന്ദിച്ചു.

---

൫൦ താരതമ്യം

കാശി മനോഹരമായ നഗരമാകുന്നു.
കാശി പരിപാവനമായ ഒരു നഗരമാകുന്നു.
ഗംഗാപ്രവാഹം വെളുത്തിരിക്കുന്നു.

1. താമരപ്പൂവിനു സൌരഭ്യമുണ്ട്; മുല്ലപ്പൂവ് അതിനേക്കാളും സൌരഭ്യമുള്ളതാകുന്നു.
2. നക്ഷത്രങ്ങൾക്കു പ്രകാശമുണ്ട്; ചന്ദ്രനു അതിനേക്കാളും പ്രകാശമുണ്ട്.
3. മനുഷ്യർക്ക് വിനയം ആവശ്യംതന്നെ; പൌരുഷം അതിനേക്കാളും ആവശ്യമാണ്.

'താമരപ്പൂവും മുല്ലപ്പൂവും സൌരഭ്യമുള്ളതാകുന്നു,' 'നക്ഷത്രങ്ങൾക്കും ചന്ദ്രനും പ്രകാശമുണ്ട്', 'വിനയവും പൌരുഷവും ആവശ്യമാണ്' എന്നു പറഞ്ഞാൽ ആ രണ്ടിനങ്ങൾക്കും തമ്മിലുള്ള താരതമ്യം വെളിപ്പെടുന്നില്ല. ഏതെങ്കിലും ഒരു കാര്യത്തിൽ ഒരു വസ്തുവിനു്, മറ്റൊരു വസ്തുവിനെ അപേക്ഷിച്ചു എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ, അതു വിശദമാക്കുന്നതിനുവേണ്ടിയാണ് അവയെ താരതമ്യപ്പെടുത്താറുള്ളതു്. മേൽകാണിച്ച വാക്യങ്ങളിൽ യഥാക്രമം താമരപ്പൂവിനും മുല്ലപ്പൂവിനും, നക്ഷത്രങ്ങൾക്കും ചന്ദ്രനും, വിനയത്തിനും പൌരുഷത്തിനും തമ്മിലുള്ള താരതമ്യത്തെ വിശദമാക്കിയിരിക്കുന്നു. ഈരണ്ടു വാക്യം ഉപയോഗിച്ചാണ് അതു ചെയ്തിട്ടുള്ളതു്. ഓരോ ഉദാഹരണത്തിലും രണ്ടാമത്തെ വാക്യത്തിൽ ചേർത്തിരിക്കുന്ന 'കാളും' എന്ന ശബ്ദം താരതമ്യത്തെ സൂചിപ്പിക്കുന്നു. രണ്ടു വാക്യങ്ങളും കൂട്ടിച്ചേർത്തു ഒറ്റവാക്യമാക്കിയാലും താരതമ്യം വിശദമാകും. അതിനാണു കൂടുതൽ ഒരുക്കം. താഴെ എഴുതുന്ന വാക്യങ്ങളും നോക്കുക.

1. മുല്ലപ്പൂ താമരപ്പൂവിനേക്കാളും സൌരഭ്യമുള്ളതാകുന്നു.
2. ചന്ദ്രനു നക്ഷത്രങ്ങളേക്കാളും പ്രകാശമുണ്ട്. 3. മനുഷ്യർക്കു പൌരുഷം വിനയത്തേക്കാളും ആവശ്യമാണ്.

2. 'കാരം' എന്നു മേത്തു താരതമ്യത്തെ വെളിപ്പെടുത്താം. 'അകബരം പ്രതാപസിംഹനും ധീരന്മാരായിരുന്നു' എന്നു പറഞ്ഞാൽ അവരുടെ ധൈര്യത്തിലുള്ള താരതമ്യം വിശദമാകുന്നില്ല. 'പ്രതാപസിംഹൻ അകബറേക്കാളും ധീരനായിരുന്നു' എന്നു പറയുമ്പോൾ ധൈര്യത്തിൽ മുന്നിട്ടു നിന്നിരുന്നതു് പ്രതാപസിംഹനാണെന്നു തെളിയുന്നു. 'അകബർ പ്രതാപസിംഹനോളം ധീരനായിരുന്നില്ല' എന്നിങ്ങനെ വാക്യരീതി മാറ്റിയാലും ആ അർത്ഥംതന്നെയാണ് വെളിവാകുന്നതു്. പാഠത്തിന്റെ ആരംഭത്തിൽ മേത്ത വാക്യങ്ങളെതന്നെ ഈ രൂപത്തിലാക്കിക്കാണിക്കാം.

1. (a) താമരപ്പൂവ് മുല്ലപ്പൂവിനോളം സൌരഭ്യമുള്ളതല്ല.
   (b) താമരപ്പൂവിനു മുല്ലപ്പൂവിനോളം സൌരഭ്യമില്ല.
1. (a) നക്ഷത്രങ്ങൾക്കു ചന്ദ്രനോളം പ്രകാശമില്ല.
   (b) നക്ഷത്രങ്ങൾ ചന്ദ്രനോളം പ്രകാശമുള്ളവയല്ല.

3. ഒരു വസ്തുവിനെ ഒന്നിലധികം വസ്തുക്കളോടു താരതമ്യപ്പെടുത്തുന്നതിനും ഇതുതന്നെയാണു് മാർഗ്ഗം. താമരപ്പൂവും മുല്ലപ്പൂവും സൌരഭ്യമുള്ളതാണ്. എന്നാൽ പിച്ചകപ്പൂവിനാണ് കൂടുതൽ സൌരഭ്യം' എന്ന വാക്യത്തെ താമരപ്പൂവിനും മുല്ലപ്പൂവിനും പിച്ചകപ്പൂവിനോളം സൌരഭ്യമില്ല', 'താമരപ്പൂവും മുല്ലപ്പൂവും പിച്ചകപ്പൂവിനോളം സൌരഭ്യമുള്ളതല്ല', 'പിച്ചകപ്പൂവിനാണ് താമരപ്പൂവിനേക്കാളും മുല്ലപ്പൂവിനേക്കാളും സൌരഭ്യം' എന്നിങ്ങനെ ഏതു രൂപത്തിലാക്കിയാലും അർത്ഥം ഒന്നുതന്നെയായിക്കും.

(a) ഒഴുക്കിനു വേഗംകൂടും; കാറ്റിനും വേഗം കൂടും; എന്നാൽ മനസ്സിനാണ് ഏറ്റവും വേഗം.

1. ഒഴുക്കിനും കാറ്റിനും മനസ്സിനോളം വേഗമില്ല.
2. ഒഴുക്കും കാറ്റും മനസ്സിനോളം വേഗമുള്ളതല്ല. 3. മനസ്സിനാണ് ഒഴുക്കിനേക്കാളും കാറ്റിനേക്കാളും വേഗം.

(b) പട്ടിണിയെ ഭയപ്പെടണം; ദാരിദ്ര്യത്തെയും ഭയപ്പെടണം; എന്നാൽ അധികം ഭയപ്പെടേണ്ടതു് അപമാനത്തെയാണു്.

1. പട്ടിണിയേക്കാളും ദാരിദ്ര്യത്തേക്കാളും ഭയപ്പെടേണ്ടതു അപമാനത്തെയാണു്. 2. പട്ടിണിക്കും ദാരിദ്ര്യത്തിനും അപമാനത്തോളം ഭയങ്കരതയില്ല.

അഭ്യാസം 10.

(a) 'മാളം' എന്ന പദംചേർത്തു താരതമ്യം കാണിക്കുക:—

1. ധനം വലുതുതന്നെ. ആത്മാഭിമാനമാണു് അതിനേക്കാൾ വലുതു്. 2. ജരാസന്ധൻ ബലവാനായിരുന്നു; ഭീമസേനനായിരുന്നു അതിനേക്കാൾ ബലവാൻ. 3. ധർമ്മപുത്രർ സത്യം പരിപാലിച്ചു. അതിനേക്കാൾ പരിപാലിച്ചതു് ഹരിശ്ചന്ദ്രനാണു്. 4 ഇംഗ്ലീഷ് ഭാഷയെ സ്നേഹിക്കണം; മാതൃഭാഷയെ അതിലും സ്നേഹിക്കണം.

(b) 'കാൾ' എന്ന പദംചേർത്തു താരതമ്യം കാണിക്കുക:—

1. നക്ഷത്രങ്ങൾക്കു പ്രകാശമുണ്ടു്; ചന്ദ്രനും പ്രകാശമുണ്ടു്. എന്നാൽ സൂര്യനാണു് ഏറ്റവും പ്രകാശമുള്ളതു്. 2. ലോകത്തിൽ പലതരത്തിലുള്ള ദുഃഖങ്ങളുണ്ടു; ദാരിദ്ര്യദുഃഖമാണു് അവയിൽവെച്ചു ഏറ്റവും വലുതു്. 3 പനിനീർപ്പൂവു് മനോഹരമാണു്; സുജനങ്ങളുടെ സൌശീല്യവും മനോഹരമാണു്; രണ്ടാമത്തേതു കൂടുതൽ മനോഹരം. 4. വിഷമുള്ള പാമ്പിനെ ഭയപ്പെടണം; ഏഷണിക്കാരേയും ഭയപ്പെടണം; രണ്ടാമത്തെ കൂട്ടരെയാണു് അധികം ഭയപ്പെടേണ്ടതു്. 5. കാഞ്ഞിരക്കുരുവിന്നു ഒഷ്ഠിത്തിയോളം കയ്പില്ല. 6. ഞാൻ എല്ലാവരേയും സ്നേഹിക്കുന്നു; അമ്മയെ കൂടുതലായി സ്നേഹിക്കുന്നു.

---

൨൨. ഘടകങ്ങൾ.

(a) 'അശോകൻ പരാക്രമശാലിയായിരുന്നു; എങ്കിലും യുദ്ധതല്പരനായിരുന്നില്ല.'

(b) കണ്ണൻ യുദ്ധംചെയ്യുന്നതെന്നു, മാതാവായ കുന്തീദേവി നിഷ്കർഷിച്ചു; എന്നിട്ടും അദ്ദേഹം അതു വകവെച്ചില്ല.

1. മകളിൽ കൊടുത്തിട്ടുള്ള വാക്യങ്ങളും സശ്രദ്ധം വായിച്ചുനോക്കുക. പരാക്രമശാലികളും സാധാരണയായി യുദ്ധപ്രിയന്മാരായിരിക്കും. അശോകന്റെ സ്വഭാവം ഈ സാമാന്യനിയമത്തിനു വിരുദ്ധമായിരുന്നു. ഈ വ്യത്യാസം ബോധിപ്പിക്കാനാണു പ്രഥമ വാക്യത്തിൽ 'എങ്കിലും' എന്ന പദം പ്രയോഗിച്ചിരിക്കുന്നതു്. അമ്മയുടെ അഭിലാഷമനുസരിച്ചു പുരുൻ പൊരുതേണ്ടതാണു്. മാതാവായ കന്തീദേവി യുദ്ധംചെയ്യരുതെന്നു നിർബ്ബന്ധിക്കുകപോലും ചെയ്തു. ആ സ്ഥിതിക്കു കർണ്ണൻ അതു് അനുസരിച്ചു പ്രവർത്തിക്കുമെന്നായിരുന്നു പ്രതീക്ഷ. അങ്ങനെയല്ല ചെയ്തതു്. ഈ വിരുദ്ധത ദ്യോതിപ്പിക്കുവാനാണു് രണ്ടാമത്തെ വാക്യത്തിൽ 'എന്നിട്ടും' എന്ന പദം ചേർത്തിരിക്കുന്നതു്, 'കർണ്ണൻ യുദ്ധം ചെയ്യരുതു്' എന്ന വാക്യഭാഗം 'നിർബ്ബന്ധിച്ചു്' എന്ന ക്രിയയുടെ കർമ്മമാണു്. ഈ അന്വയം സ്പഷ്ടമാക്കുവാൻ 'എന്നു്' എന്ന പദം പ്രയോഗിച്ചിരിക്കുന്നു. ഇപ്രകാരം ആശയങ്ങൾ തമ്മിലുള്ള സംബന്ധം കാണിക്കത്തക്കവണ്ണം വാക്യങ്ങളേയോ പദങ്ങളേയോ ഘടിപ്പിക്കുന്നതിനു പ്രയോഗിക്കപ്പെട്ടുന്ന പദങ്ങളാണു് ഘടകങ്ങൾ.

വേറെ ഉദാഹരണം:—

(1) എനിക്കു ധൈര്യമില്ല; എന്നാലും ശ്രമിച്ചുനോക്കാം.

(2) കോസലം എന്ന രാജ്യം പുരാണപ്രസിദ്ധമാണു്.

(3) താര ഉപദേശിച്ചു; എന്നാൽ ബാലി അനുസരിച്ചില്ല.

2. 'ഉം' എന്ന സമുച്ചയവും ഘടകംതന്നെ പ്രധാന്യം ഒപ്പമായ വാക്യങ്ങളേയോ ഒരേ ജാതിയിൽപെട്ട പദങ്ങളേയോ മാത്രമേ അതുകൊണ്ടു ഘടിപ്പിക്കുവാൻ കഴികയുള്ളൂ. താരതമ്യം, സാദൃശ്യം, കാര്യകാരണഭാവം, വിരുദ്ധത മുതലായ സംബന്ധങ്ങൾ കാണിക്കുന്നതിനു കാരം, ഓളം, പോലെ, എന്തുകൊണ്ടെന്നാൽ, എന്നാൽ, എന്നിട്ടും, എങ്കിൽ, ഓ ഇങ്ങനെ പല ഘടകങ്ങ

ങ്ങളുണ്ട്. വിരുദ്ധത പ്രകാശിപ്പിക്കുന്നതിനുള്ള ഉദാഹരണങ്ങളാണ കഴിഞ്ഞ വകുപ്പിൽ കൊടുത്തിട്ടുള്ളത്. മറ്റു ചില സംബന്ധങ്ങളും ഘടകങ്ങളെക്കൊണ്ടു കുറിക്കുന്നതിനു ഉദാഹരണം:—

കാര്യകാരണഭാവം:—

1. ഞാൻ ക്ഷമായാചനം ചെയ്തുയില്ല; എന്തുകൊണ്ടെന്നാൽ ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല.
2. ശാസ്ത്രജ്ഞാനം സമ്പാദിക്കണം; കാരണം അതു മനുഷ്യന്റെ ശക്തി വർദ്ധിപ്പിക്കും.

താരതമ്യം:—

1. ഹിംസയോളം വലുതായ ഒരു പാപമില്ല.
2. ഭ്രാതാരാമനേക്കാളും ശ്രീരാമൻ ശക്തനാണ്.

സാദൃശ്യം:—

1. ശിവജി സിംഹത്തെപ്പോലെ പരാക്രമം പ്രദർശിപ്പിച്ചു.
2. വിളക്കു നക്ഷത്രം കണക്കെ പ്രകാശിച്ചു.

അഭ്യാസം 11.

a. താഴെ എഴുതുന്ന വാക്യങ്ങളുടെ സംബന്ധം ഉചിതങ്ങളായ ഘടകപദങ്ങളും ചേർത്തു സ്പഷ്ടമാക്കുക:—

(1) ഖീത്തു വിതച്ചു. മുളച്ചില്ല. വേണ്ടസമയത്തു മഴയില്ലാതെവന്നു. (2) രാമനു ബുദ്ധിസാമർത്ഥ്യമുണ്ടു. പരിശ്രമശീലമില്ല. ആയുസ്സും നന്നല്ല. അവനോടു് ഉപദേശിക്കണം. (3) എനിക്കു വിശ്വാസമില്ല. അവനെ നമ്മുടെ പക്ഷത്തിൽ ചേർക്കുവാൻ നോക്കും.

b. (1) എന്നു, എന്നു്, എന്നാൽ, ഇവ ഘടകങ്ങളും വാക്യങ്ങളിൽ പ്രയോഗിക്കുക. (2) എങ്കിലും, എങ്കിൽ, സൂചിപ്പിക്കുന്ന ബന്ധഭേദം ഉദാഹരണംകൊണ്ടു സ്പഷ്ടമാക്കുക. (3) എന്നിട്ടു്, എന്നിട്ടും ഇവയുടെ ഉപയോഗം ഉദാഹരണവാക്യങ്ങളാൽ വ്യക്തമാക്കുക.

൧൨. ക്രിയ.

1. കുട്ടികൾ ചിരിക്കുന്നു.
2. അമ്മ കുട്ടികളെ ചിരിപ്പിക്കുന്നു.

1. ചിരിക്കുന്നു, ചിരിപ്പിക്കുന്നു ഇവയിലുണ്ട് വാക്യങ്ങളിൽ പ്രയോഗിച്ചിട്ടുള്ള ക്രിയകൾ. പ്രവൃത്തി നടക്കുന്ന രീതിയിൽ, രണ്ടിനും തമ്മിൽ അല്പം വ്യാസമുണ്ടെന്നു ശ്രദ്ധിച്ചാൽ മനസ്സിലാകും. എന്താണ് ആ വ്യത്യാസം? 'കുട്ടികൾ ചിരിക്കുന്നു' എന്നു പറഞ്ഞാൽ 'ചിരിക്ക' എന്ന ക്രിയ കുട്ടികൾ തന്നിയെ നടത്തുകയാണ്. 'അമ്മ കുട്ടികളെ ചിരിപ്പിക്കുന്നു' എന്നു പറയുമ്പോഴാകട്ടെ, ക്രിയ നടത്തുന്നതു കുട്ടികൾ തന്നെയാണെങ്കിലും, അതിനു അമ്മയുടെ പ്രേരണ ഒരു കാരണമായിത്തീരുന്നുണ്ട്. മറെറാരു ഉദാഹരണംകൂടി പരിശോധിക്കാം.

1. തങ്കമ്മ പാടുന്നു.
2. ഭഗവതർ തങ്കമ്മയെക്കൊണ്ടു പാടിക്കുന്നു.

ഈ വാക്യങ്ങളിൽ ഉപയോഗിച്ചിട്ടുള്ള ക്രിയകളിലും മേൽ പറഞ്ഞ വ്യത്യാസം കാണാം. ആദ്യത്തെ വാക്യം കേട്ടാൽ തങ്കമ്മ തനിയെ പാടുന്നു എന്നും രണ്ടാമത്തെ വാക്യത്തിൽ ഭഗവതരുടെ പ്രേരണയനുസരിച്ചാണ് പാടുന്നതെന്നും വ്യക്തമാകുന്നു. സകർമ്മകം, അകർമ്മകം എന്ന മുൻപറഞ്ഞ വിഭാഗത്തിനുപരിയായി, ക്രിയാപദങ്ങൾക്കുള്ള മറെറാരു വിഭാഗമാണിതു്. ആരുടേയും പ്രേരണ കൂടാതെ സ്വയംചെയ്യുന്ന ക്രിയ കേവലം; മറെറാള്ളവരുടെ പ്രേരണമൂലം ചെയ്യുന്നതു് പ്രയോജകം. ഓടുന്നു, എഴുതുന്നു, തല്ലുന്നു, തിന്നുന്നു, വളയുന്നു മുതലായവ കേവലക്രിയകളും ഓടിക്കുന്നു, എഴുതിക്കുന്നു, തല്ലിക്കുന്നു, തീറുന്നു, വളയ്ക്കുന്നു തുടങ്ങിയവ പ്രയോജകക്രിയകളുമാകുന്നു.

2. 'കുട്ടികൾ ചിരിക്കുന്നു' 'അമ്മ കുട്ടികളെ ചിരിപ്പിക്കുന്നു' എന്ന ഉദാഹരണ വാക്യങ്ങളിൽനിന്ന്, മറെറാരു കാര്യംകൂടി വെളിപ്പെടുന്നുണ്ട് 'ചിരിക്കുന്നു' എന്ന ക്രിയ അകർമ്മകമാണല്ലോ. 'ചിരിപ്പിക്കുന്നു' എന്നതു സകർമ്മകമാകുന്നു.

കേവലരൂപത്തിൽ അകർമ്മകമായ ക്രിയാപദം പ്രയോജകമാകുമ്പോൾ ചില സന്ദർഭങ്ങളിൽ സകർമ്മകമായിത്തീരും. 'അമ്മ കുട്ടികളെ ചിരിപ്പിക്കുന്നു' എന്നതിൽ 'കുട്ടികളെ' എന്ന പദം കർമ്മമാകുന്നു, 'കുട്ടികൾ ചിരിക്കുന്നു' എന്നതിൽ കർമ്മമില്ല. കർമ്മത്തിന്റെ ആവശ്യമില്ല. അകർമ്മകക്രിയകൾ പ്രയോജകരൂപത്തിലാകുമ്പോൾ സകർമ്മകമായിത്തീരുന്നതിനു വേറെ ചില ഉദാഹരണങ്ങൾകൂടി കാണിക്കാം.

1. (a) പശു ഓടുന്നു. (b) കുട്ടി പശുവിനെ ഓടിക്കുന്നു
2. (a) രാമൻ ഉറങ്ങുന്നു. (b) അമ്മ രാമനെ ഉറക്കുന്നു
3. (a) പാലും ഉടയുന്നു. (b) വേലക്കാരി പാലും ഉടയ്ക്കുന്നു.
4. (a) കുട്ടികൾ ഇരിക്കുന്നു. (b) അധ്യാപകൻ കുട്ടികളെ ഇരുത്തുന്നു.

അഭ്യാസം 12.

a. പ്രയോജകക്രിയ എന്നാൽ അർത്ഥമെന്ത്? കേവലക്രിയയും പ്രയോജകക്രിയയും തമ്മിൽ വ്യത്യാസമെന്ത്?

b. താഴെ എഴുതുന്ന ക്രിയകളിൽനിന്നു കേവലങ്ങളേയും പ്രയോജകങ്ങളേയും വേർതിരിച്ചെഴുതുക.

1. ഉണ്ണുന്നു. 2. പഠിപ്പിക്കുന്നു. 3. അയയ്ക്കുന്നു. 4. കളിക്കുന്നു. 5. പോകുന്നു. 6. തരുന്നു. 7. തീരുന്നു. 8. വരുന്നു 9. നിറയ്ക്കുന്നു. 10. കേൾക്കുന്നു. 11. ചേരുന്നു. 12. പുകയ്ക്കുന്നു.

c. താഴെ കാണിക്കുന്ന വാക്യങ്ങളിലെ പ്രയോജകക്രിയകളെ കേവലക്രിയകളാക്കി വാക്യങ്ങൾ മാറ്റി എഴുതുക.

1. കാറ്റു പുസ്തകങ്ങളെ ഇളക്കുന്നു. 2. രാമൻ കുട്ടിയെ അങ്ങാടിയിലേക്കയയ്ക്കുന്നു. 3. സിംഹഗർജ്ജനം പശുവിനെ വീഴ്ത്തിച്ചു. 4. ഞാൻ അനുജനെ നേരംപോക്കുപാടുന്നു ചിരിപ്പിക്കുന്നു. 5. കുട്ടിയെ കളിപ്പിക്കുന്നു. 6. പശുവിനെ പുല്ല് തീറ്റുന്നു. 7. രാമൻ കവിതകൾ മറിച്ചു. 8. ഭരതൻ ജനങ്ങളെ സന്തോഷത്തിൽ ആറാടിക്കുന്നു. 9. നല്ല കവിതകൾ സഹൃദയരെ സന്തോഷിപ്പിക്കുന്നു 10. കവി കാവ്യം പകർത്തി എഴുതിക്കുന്നു.

ഏഴാം സർവ്വനാമം.

(a) തെഴുത്തിൽ പശു നില്ക്കുന്നു.
അതിനു പുല്ലും വെള്ളവും കൊടുക്കണം.

(b) ഓണം അടുത്തു.
അതു ഞാൻ അറിഞ്ഞില്ല.

1. ആരംഭത്തിൽ കൊടുത്തിട്ടുള്ള വാക്യങ്ങളും വായിക്കുക. 'a' വകുപ്പിൽ കാണുന്ന 'അതിനു്' എന്ന പദം എന്തിനെ കുറിക്കുന്നു? പശുവിനെയാണെന്നു സ്പഷ്ടമാണല്ലൊ. '.....പശു നില്ക്കുന്നു. പശുവിനു പുല്ലും വെള്ളവും.....', ഇങ്ങിനെ രണ്ടു വാക്യത്തിലും ഒരേ ശബ്ദംതന്നെ ആവർത്തിക്കാതിരിക്കുവാൻ വേണ്ടിയാണു് 'അതിനു്' എന്നു പകരം പ്രയോഗിച്ചിരിക്കുന്നതു്. (b) വകുപ്പിലും 'അതു്' എന്ന നാമം ഉണ്ടു്. 'ഓണം അടുത്തു' എന്ന വാക്യത്തിനു പകരമാണു് ആ നാമം നില്ക്കുന്നതു്. ഇപ്രകാരം, ഒരേ ശബ്ദവും ഒരേ വാക്യവും ആവർത്തിക്കാതെ കഴിക്കുവാൻ പകരം ഉപയോഗിക്കുന്ന പദങ്ങളും സർവ്വനാമങ്ങളാകുന്നു. 'അതിനു്' 'അതു്' ഇവ രണ്ടും ഈ വിഭാഗത്തിൽ പെടുന്നവയാണു്. 'ഞാൻ' എന്ന പദവും സർവ്വനാമം തന്നെ. അതു വക്താവിനു പകരം നില്ക്കുന്നു.

2. 'അ' 'ഇ' ഇവരണ്ടും യഥാക്രമം അകലേയും അടുത്തും സ്ഥിതിചെയ്യുന്ന വസ്തുക്കളെ പരാമർശിക്കുന്ന സർവ്വനാമങ്ങളാണു്. അവൻ, അവൾ, അവർ, അതു്, അവ, ഇവൻ, ഇവൾ, ഇവർ, ഇതു്, ഇവ, ഈ രൂപങ്ങളെല്ലാം ഈ ശബ്ദങ്ങളിൽനിന്നാണു് ഉണ്ടാകുന്നതു്

3. താഴെ ഉദ്ധരിക്കുന്ന സംഭാഷണത്തിൽ പ്രയോഗിച്ചിരുന്ന സർവ്വനാമങ്ങളിൽ ചിലതു വാക്താവിനെയും ചിലതു ശ്രോതാവിനെയും കുറിക്കുന്നവയാണു്. അവ ശ്രദ്ധിച്ചു നോക്കുക.
കമല: 'എന്റെ നാടു് എനിക്കു പ്രിയപ്പെട്ടതാകുന്നു. നിന്റെ നാടു് നിനക്കും പ്രിയപ്പെട്ടതായിരിക്കണം.'

ചിമല: 'ഞൻ നീ പറഞ്ഞതിനോട് പൂർണ്ണമായി യോജിക്കുന്നു. എന്നാൽ നമുക്ക് സകല രാജ്യങ്ങളോടും സ്നേഹം വേണ്ടതാണ്'.

ഞൻ, എന്റെ, എനിക്ക് ഇവ വക്താവിനെ കുറിക്കുന്നു. സംസാരിക്കുന്ന ആൾ ആരായാലും വേണ്ടതില്ല ഈ സർവ്വനാമരൂപങ്ങൾ വക്താവിനു പകരം വരുന്നവയാണ്. നീ, നിനക്ക്, നിന്റെ ഈ പദങ്ങൾ ശ്രോതാവിനെയാണ് പരാമർശിക്കുന്നത്. നാം, നമുക്ക്, നമ്മുടെ മുതലായവ ശ്രോതാവിനേയും വക്താവിനേയും ഉൾക്കൊള്ളുന്നു.

4. 'തൻ' എന്ന സർവ്വനാമത്തിന്റെ പ്രയോഗം താഴെ ഉദ്ധരിക്കുന്ന വാക്യങ്ങളിൽനിന്നു ഗ്രഹിക്കുക;—

"രാമൻ തന്റെ പത്നിയോടും സഹോദരനോടും കൂടി വനത്തിലേക്കുപോയി. തങ്ങളുടെ രാജ്യത്തേയും കുടുംബത്തേയും വിട്ടുപോകുന്നതിനു അവർക്ക് വിഷാദമുണ്ടായിരുന്നു. എങ്കിലും താൻമൂലം പിതാവു പ്രതിജ്ഞ പാലിക്കാതിരിക്കരുത് എന്നു രാമൻ വിചാരിച്ചു.

രാമൻ, രാമന്റെ; അവരുടെ, അവർക്ക്; രാമൻമൂലം, രാമൻ; എന്ന ആവർത്തനം പരിഹരിക്കുന്നതിനു 'താൻ' എന്നതിന്റെ ചില രൂപങ്ങൾ പകരം പ്രയോഗിച്ചിരിക്കുന്നു. മറ്റു സർവ്വനാമങ്ങളെപ്പോലെ, ഇതു വാക്യത്തിൽ തനിയേ നില്ക്കുകയില്ല. രാമൻ ഗൃഹത്തിൽ ചെന്നു. തന്റെ അമ്മ അവിടെ ഉണ്ടായിരുന്നില്ല, എന്നും മറ്റും പ്രയോഗിക്കുന്നതു് അബദ്ധമാകുന്നു.

2. ഇനിയും സർവ്വനാമങ്ങളുണ്ട്. പ്രധാനമായവ താഴെ ചേർക്കുന്നു.

ചില	ഒക്കെ	ഏ
പല	മിക്ക	ആർ

6. ചില സർവ്വനാമങ്ങളെ വിശേഷണങ്ങളാക്കി പ്രയോഗിക്കുന്നതു സാധാരണമാകുന്നു.

ഉദാഹരണം:—

അ —അക്കാലം, ആ രാജാവ്.

ഇ —ഇക്കാലം, ഈ രാജാവ്.

ചില —ചില നാട്ടുകാർ.

പല —പല പുസ്തകങ്ങളും.

മിക്ക —മിക്ക പടയാളികളും.

7. ചിഹ്നനം. അന്യവാക്യങ്ങളും ഉദ്ധരിക്കുമ്പോൾ ആ ഭാഗം, ഉദ്ധരണമാണെന്നു സൂചിപ്പിക്കുവാൻ " " ചിഹ്നത്തിന്റെ ഉള്ളിൽ എഴുതണം. 'ഉദ്ധാരിണി'യെന്നാണ് ഈ അടയാളത്തിനു സംജ്ഞ. ' ' ഈ രൂപത്തിലും ഉദ്ധരണങ്ങളെ സൂചിപ്പിക്കാം.

ഉദാഹരണം:—

കവി പറയുന്നു "സത്യംതന്നെയാണ് ദൈവം. സത്യത്തെ ആരാധിക്കുവിൻ" ബുദ്ധൻ ഉപദേശിക്കുന്നു, 'ഹിംസിക്കരുത്.'

അഭ്യാസം 13.

1. വരയിട്ടിട്ടുള്ള നാമങ്ങൾക്കുപകരം ഉചിതങ്ങളായ സർവ്വനാമങ്ങൾ പ്രയോഗിക്കുക

(a) രാമൻ രാമന്റെ അനുജനെ സ്നേഹിക്കുന്നു. രാമന്റെ അനുജൻ രാമനേയും സ്നേഹിക്കുന്നു. രാമനും രാമന്റെ അനുജനും സൽസ്വഭാവികളാണ്. (b) ഗാന്ധിജി ഉപദേശിക്കുന്നു; സത്യവും അഹിംസയും വിജയമാർഗ്ഗങ്ങളാണ്. സത്യത്തെയും അഹിംസയെയും ഉപേക്ഷിക്കരുത്. അക്രമം മൃഗീയമായ ഗുണമാണ്. ആ മൃഗീയമായ ഗുണത്തെ പരിവർജ്ജിക്കണം. c) ഗൗതമൻ പാഞ്ഞു: ഗൗതമൻ ജീവികളെ ഉപദ്രവിക്കുകയില്ല. ജീവികൾക്കും വേദനയുണ്ട്.

1. (a) തെറ്റു തിരുത്തുക:—

'സീത നാലുപാടും നോക്കി. താൻ ആരേയും കണ്ടില്ല. തന്റെ പള്ളിശാലയിൽ തനിച്ചിരിക്കുവാൻ തനിക്കു ഭയം തോന്നി' (b) തെ

ഴെ കൊടുക്കുന്ന സർവ്വനാമങ്ങളെ വിശേഷണമായി പ്രയോഗിച്ചു കൊണ്ടു വാക്യമെഴുതുക:—

ചില, പല, മിക്ക, ആ, ഈ.

3. വേണ്ടയിടത്തിൽ 'ഉദ്ധാരണി'യിടുക:—

മലയാളത്തിൽ ഒരു പഴഞ്ചൊല്ലുണ്ട്, ഇക്കരെ നില്ക്കുമ്പോൾ അക്കരെ പച്ച.

ൽ. ലിംഗം.

a. വേലക്കാരൻ അവന്റെ കുടിലിലേയ്ക്കു പോയി.

b. വേലക്കാരി അവളുടെ കുടിലിലേയ്ക്കു പോകുന്നു.

അതു വളരെ അകലെയല്ല.

1. വേലക്കാരൻ എന്ന നാമത്തിന്റെ അർത്ഥമായ വസ്തു ഒരു പുരുഷനാണ്. 'വേലക്കാരി' എന്ന നാമം ഒരു സ്ത്രീയെയാണ് കുറിക്കുന്നതു്. 'കുടിൽ' സ്ത്രീയോ പുരുഷനോ അല്ല. പുരുഷനെ കുറിക്കുന്ന പദം പുല്ലിംഗം; സ്ത്രീയെ കുറിക്കുന്നതു് സ്ത്രീലിംഗം; സ്ത്രീപുരുഷഭേദമില്ലാത്തതിനെക്കുറിക്കുന്നതു നപുംസകലിംഗം ഇങ്ങനെ നാമങ്ങളെ മൂന്നായി വിഭജിക്കാം. മുകളിൽ ചേർത്തിട്ടുള്ള വാക്യങ്ങളിൽ ഈ മൂന്നു വകുപ്പിൽപ്പെട്ട പദങ്ങളുമുണ്ട്. അവയെ വേർതിരിച്ചെഴുതാം.

പുല്ലിംഗം	സ്ത്രീലിംഗം	നപുംസകലിംഗം
വേലക്കാരൻ	വേലക്കാരി	കുടിൽ
അവന്റെ	അവളുടെ	അതു്

1. വേലക്കാരൻ, വേലക്കാരി, ഈ നാമങ്ങളും യഥാക്രമം പുരുഷനേയും സ്ത്രീയേയുമാണ് നിർദ്ദേശിക്കുന്നതെന്നു് അവസാനത്തിൽ ചേർത്തിരിക്കുന്ന 'അൻ', 'ഇ', ഈ അക്ഷരങ്ങളാലാണു് വ്യക്തമാകുന്നതു്. ഈ മാതിരി രൂപഭേദം വരുത്തുവാൻ ചേർക്കുന്ന അക്ഷരങ്ങൾക്കു പ്രത്യയം എന്നു പറയുന്നു.

3. വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളേയും പക്ഷികളേയും മറ്റും നപുംസകലിംഗങ്ങളായിട്ടാണ് സാധാരണമായി ഗണിക്കാറുള്ളത്. 'സിംഹം അതിന്റെ കുട്ടിയെ കളിപ്പിക്കുന്നു', എന്നു പറയാറില്ലല്ലോ. പുംസ്ത്രീഭേദം കുറിക്കുവാൻ വേറെ പദങ്ങളും ഉപയോഗിക്കുമ്പോഴും, അവയുപകരം നപുംസകസർവ്വനാമങ്ങളെയാണ് പ്രയോഗിക്കുന്നത്. 'പിടക്കോഴി' സ്ത്രീലിംഗവും 'പൂവൻകോഴി' പുല്ലിംഗവുമാണെങ്കിലും 'അതു' എന്ന നപുംസകപദംകൊണ്ടേ അവയെ കുറിക്കാറുള്ളൂ. 'പിടക്കോഴി അതിന്റെ കുഞ്ഞുങ്ങളെ രക്ഷിക്കുന്നു'. എന്നല്ലാതെ 'അവളുടെ കുഞ്ഞുങ്ങളെ രക്ഷിക്കുന്നു', എന്നു പറഞ്ഞാൽ പരിഹാസ്യമായിത്തീരും.

4. സ്ത്രീപുരുഷഭേദം ഗണ്യമാക്കാതെയാണ് ശിശു, കുട്ടി ഈ നാമങ്ങളും സാധാരണയായി പ്രയോഗിക്കുന്നത്. ലിംഗഭേദവിവക്ഷയില്ലാത്ത ഈ പദങ്ങളും അലിംഗങ്ങളാകുന്നു.

അഭ്യാസം 14.

എ. കേമൻ, പാടൻ, പല്ലാവൻ, ചെട്ടി, തമ്പുരാൻ, സുന്ദരൻ, അവൻ, ഇവയുടെ സ്ത്രീലിംഗരൂപം എഴുതുക.

ബീ. താഴെ എഴുതുന്ന വാക്യങ്ങളിലെ നാമപദങ്ങളും ലിംഗഭേദം അനുസരിച്ചു വേർതിരിച്ചെഴുതുക.

i രാജാവും രാജ്ഞിയും സിംഹാസനങ്ങളിൽ ഇരുന്നപ്പോൾ ജനങ്ങൾ ആഹ്ലാദത്തോടുകൂടി ജയ്ത്രുവിളിക്കുകയും അവർക്കു മംഗളമാശംസിക്കുയും ചെയ്തു.

ii സീതാദേവിയുടെ ശിക്ഷകനും വാല്മീകിയുടെ പണ്ടശാലയിലാണ് വളർന്നത്. iii കുമാരനാശാൻ ഒരു കാവ്യമായ നളിനി നായകനായ ദിവാകരനെ വനത്തിൽവച്ചാണ് കാണുന്നത്.

സി. ഭാഷയിൽ എത്ര ലിംഗങ്ങളുണ്ട്? ഓരോന്നിന്നും ഈരണ്ടു ഉദാഹരണം എഴുതുക.

---

൫൭ അപഗ്രഥനം

1. ടാഗോർ ശാന്തിനികേതനം സ്ഥാപിച്ചു.
2. ഞാൻ എന്റെ മാതൃഭാഷയെ ഏറ്റവും സ്നേഹിക്കുന്നു.
3. ദയാലുവായ വാല്മീകി ക്രൗഞ്ചയെ കിരാതനെ കോപംമൂലം ശപിച്ചു.

1. ഒന്നാമത്തെ വാക്യത്തിൽ നാം സംസാരിക്കുന്നതു് 'ടാഗോറി'നെ ഉദ്ദേശിച്ചുകയാൽ ആ പദം ഉദ്ദേശ്യവും ആഖ്യയുമാകുന്നു. ആ വാക്യത്തിലെ കർത്താവും അതുതന്നെ. 'ശാന്തിനികേതനം സ്ഥാപിച്ചു' എന്നുള്ള ഭാഗമാണു് ആഖ്യാതം. അതിൽ ഒരു കർമ്മവും ഒരു ക്രിയയും അടങ്ങിയിരിക്കുന്നു. 'ശാന്തിനികേതനം' കർമ്മം 'സ്ഥാപിച്ചു' ക്രിയ. രണ്ടാമത്തെ വാക്യത്തിൽ 'ഞാൻ' ആഖ്യ; 'എന്റെ മാതൃഭാഷയെ ഏറ്റവും സ്നേഹിക്കുന്നു' ആഖ്യാതം. 'മാതൃഭാഷയെ' കർമ്മം 'സ്നേഹിക്കുന്നു' ക്രിയ. കർമ്മത്തിനും ക്രിയയ്ക്കും ഓരോ വിശേഷണം കൂടി അതിലുണ്ടു്. മൂന്നാമത്തെ വാക്യത്തിൽ കർത്താവിനും കർമ്മത്തിനും ക്രിയയ്ക്കും ഓരോ വിശേഷണം പ്രയോഗിച്ചിരിക്കുന്നു. എല്ലാ വാക്യങ്ങളിലും പദങ്ങൾക്കു തമ്മിൽ ഇങ്ങനെ പരസ്പരം ഒരു ബന്ധം കാണും. ഒരു വാക്യത്തിലെ പദങ്ങൾക്കു അതിലുള്ള സ്ഥാനവും പരസ്പരമുള്ള ബന്ധവും പറയുന്ന സമ്പ്രദായം അപഗ്രഥനമാകുന്നു. ഇതിനു അപോദ്ധാരമെന്നും പറയാം. അപഗ്രഥിക്കുമ്പോൾ കർത്താവിൽ അന്വയിക്കുന്ന പദങ്ങൾക്കു കർത്തൃപരിച്ഛദമെന്നും, കർമ്മത്തിൽ അന്വയിക്കുന്ന പദങ്ങൾക്കു കർമ്മപരിച്ഛദമെന്നും, ക്രിയയിൽ അന്വയിക്കുന്ന പദങ്ങൾക്കു ക്രിയാപരിച്ഛദമെന്നും പേർ പറയുന്നതാണു് സൗകര്യം. മേലെഴുതിയ വാക്യങ്ങളെ കള്ളിവരച്ചു അപഗ്രഥിച്ചു കാണിക്കാം.

വാകൃം 1.

ആഖ്യ	ആഖ്യാതം	
കർത്താവ്	കർമ്മം	ക്രിയ
ടാഗോർ	ശാന്തിനികേതനം	സ്ഥാപിച്ചു

വാക്യം 2.

ആഖ്യ	ആഖ്യാതം			
കർത്താവ്	കർമ്മപരിച്ഛേദം	കർമ്മം	ക്രിയാപരിച്ഛേദം	ക്രിയ
ഞാൻ	എത്രയും	മാതൃഭാഷയെ	ഏറ്റവും	സ്നേഹിക്കുന്നു

വാക്യം 3.

ആഖ്യ		ആഖ്യാതം			
കർത്തൃപരിച്ഛേദം	കർത്താവ്	കർമ്മപരിച്ഛേദം	കർമ്മം	ക്രിയാപരിച്ഛേദം	ക്രിയ
ദയാലുവായ	വാല്മീകി	ക്രൂരനായ	കിരാതനെ	കോപംമൂലം	ശപിച്ചു

2. മേൽ അപഗ്രഥിച്ചുകാണിച്ച മൂന്നു വാക്യങ്ങളിലും ആഖ്യ കർത്താവാകുന്നു. കർതൃപദത്തിനാണ് അവയിൽ പ്രാധാന്യം. കർമ്മം പ്രധാനമായി വരുന്ന വാക്യങ്ങളും മോഷയിൽ ഉൾപ്പെടുമല്ലോ. മേൽക്കണ്ടിച്ച മൂന്നാമത്തെ വാക്യം 'ക്രൂരനായ കിരാതൻ ദയാലുവായ മുനിയാൽ കോപംമൂലം ശപിക്കപ്പെട്ടു' എന്നു മാറ്റിയാൽ കർമ്മപ്രധാനമായി. എന്തുകൊണ്ടെന്നാൽ, 'കിരാതൻ' എന്ന കർമ്മത്തിനാണ് അതിൽ പ്രാധാന്യം. അതിലെ ഉദ്ദേശം കിരാതനാകയാൽ, ആഖ്യയും ആ പദംതന്നെ. ഇങ്ങനെയുള്ള വാക്യങ്ങളെ അപഗ്രഥിക്കുമ്പോൾ ആഖ്യയായ കർമ്മം ആദ്യം എഴുതേണ്ടതാകുന്നു.

വേറെ ഉദാഹരണം:—

ആഖ്യ		ആഖ്യാതം			
കർമ്മപരീച്ഛേദം	കർമ്മം	കർത്തൃപരിച്ഛേദം	കർത്താവ്	ക്രിയാപരിച്ഛേദം	ക്രിയ
ക്രൂരനായ	കിരാതൻ	ദയാലുവായ	വാല്മീകിയൻ	കോപംമൂലം	ശപിക്കപ്പെട്ട

3. അപഗ്രഥിക്കുന്നതു കള്ളികം വരച്ചിട്ടതന്നെ വേണമെന്നില്ല. സൌകര്യത്തിനുവേണ്ടി അങ്ങനെ ചെയ്യുവെന്നേയുള്ളൂ. പക്ഷേ, ഇതിനുതാഴെ മറ്റൊന്നായി എഴുതി. അവയുടെ ബന്ധം ഓരോന്നിനും നേരെ എഴുതിയാലും മതി. അതിനും ഉദാഹരണം കാണിക്കാം.

a. കർത്തൃപ്രധാനം

ദയാലുവായ —കർത്തൃപരിച്ഛേദം
വാല്മീകി —കർത്താവ് } ആഖ്യ

ക്രൂരനായ —കർമ്മപരിച്ഛേദം
കിരാതനെ —കർമ്മം
കോപംമൂലം —ക്രിയാപരിച്ഛേദം
ശപിച്ചു —ക്രിയ } ആഖ്യാതം

b. കർമ്മപ്രധാനം

ക്രൂരനായ —കർമ്മപരിച്ഛേദം
കിരാതൻ —കർമ്മം } ആഖ്യ

ദയാലുവായ —കർത്തൃപരിച്ഛേദം
വാല്മീകിയൻ —കർത്താവ്
കോപംമൂലം —ക്രിയാപരിച്ഛേദം
ശപിക്കപ്പെട്ട —ക്രിയ } ആഖ്യാതം

അഭ്യാസം 15.

അപഗ്രഥിക്കുക —

1. മനുഷ്യരുടെ വിഡ്ഢിത്തംകണ്ട് ചന്ദ്രൻ പുഞ്ചിരി തൂകി. 2. ബലശാലിയായ ഒരു സിംഹം കിരാതനാൽ വധിക്കപ്പെട്ടു. 3. നക്ഷത്രങ്ങൾ ഭയങ്കരമായ ആ സംഭവങ്ങളെ നിശ്ചലമായി നോക്കിനിന്നു. 4. സീത ശ്രീരാമനെ പ്രാണനെപ്പോലെ സ്നേഹിച്ചിരുന്നു 5. പുഷ്പങ്ങൾ പ്രഭാതത്തിൽ വികസിക്കുന്നു. 6. ചില ഭരണാധികാരികൾ

പ്രജകളെ പുത്രനിർവ്വിശേഷം സ്നേഹിക്കുന്നു. 7. അക്ബർ ഹിന്ദുക്കളേയും മുഹമ്മദീയരേയും ഒരുപോലെ കരുതിയീരുന്നു. 8. അതിവിശിഷ്ടമായ ശാകുന്തളം മഹാകവിയായ കാളീദാസനാൽ നിർമ്മിക്കപ്പെട്ടു.

ഏകവചനം

സൂര്യൻ ഒരു ഗോളമാകുന്നു. ചന്ദ്രനും ഭൂമിയും ഗോളങ്ങളാണ്.

1. മുകളിൽ എഴുതിയിട്ടുള്ള വാക്യങ്ങളും ശ്രദ്ധിക്കുക. സൂര്യൻ ഒരു വസ്തുവാകുന്നു. അതിനെ പരാമർശിക്കുന്നതാണ് 'ഗോളം' എന്ന പദം. ചന്ദ്രനും ഭൂമിയും രണ്ടു വസ്തുക്കളാകയാൽ അവയെ കുറിക്കുന്നതിനു ആ പദം അങ്ങനെതന്നെ പ്രയോഗിക്കുവാൻ പാടില്ല. അതിനാൽ 'ഗോളങ്ങൾ' അനേക വസ്തുക്കളേയും ആണ് നിർദ്ദേശിക്കുന്നത്. ഒന്നിനെ കുറിക്കുന്നതു ഏകവചനം. രണ്ടോ അധികമോ വസ്തുക്കളെ കുറിക്കുന്നതു ബഹുവചനം.

ഉദാഹരണം:—

ഏകവചനം	ബഹുവചനം
ഗോളം	ഗോളങ്ങൾ
നദി	നദികൾ
മിടുക്കൻ	മിടുക്കന്മാർ
മനുഷ്യൻ	മനുഷ്യർ
നമ്പൂരി	നമ്പൂരിമാർ
അതു്	അവ

1. കുട്ടി, ശിശു, ഇവ അലിംഗങ്ങളാണെന്നു പഠിച്ചിട്ടുണ്ടല്ലൊ. ഇവയുടെ ബഹുവചന രൂപങ്ങളും അലിംഗങ്ങളാകുന്നു. 'ശൂദ്രർ', 'ബ്രാഹ്മണർ' മുതലായ പദങ്ങളും അതതു ജാതിയിൽപെട്ട സ്ത്രീപുരുഷന്മാരുടെ ബഹുത്വം സൂചിപ്പിക്കുന്നവയാകയാൽ അലിംഗങ്ങളാതന്നെ. ഞങ്ങൾ, നിങ്ങൾ, അവർ, ഇവർ, ഇവ സർവ്വനാമങ്ങളും അലിംഗബഹുവചനങ്ങളാകുന്നു.

2. ദ്രോണൻ, ദ്രോണർ; ആചാര്യൻ, ആചാര്യർ; തമ്പുരാൻ, തമ്പുരാക്കൾ; ഈ പദങ്ങളുടെ രൂപം നോക്കുക. ദ്രോണർ, ആചാര്യർ, തമ്പുരാക്കൾ ഇവ ബഹുവചനങ്ങളാണെങ്കിലും നിർദ്ദേശിക്കുന്നത് ദ്രോണനേയും, ആചാര്യനേയും, തമ്പുരാനേയും തന്നെയാണ്. ഇവിടെ ബഹുമാനം കാണിക്കുവാനാണ് ബഹുവചനരൂപം കൊടുത്തിരിക്കുന്നത്; എണ്ണം കുറിക്കുവാനല്ല. ഇങ്ങനെ ആദരം മാത്രം ദ്യോതിപ്പിക്കുന്ന ബഹുവചനം പൂജകബഹുവചനമാകുന്നു.

ദ്രോണർ	—	പൂജ്യനായ ദ്രോണർ
ആചാര്യർ	—	പൂജ്യനായ ആചാര്യൻ
തമ്പുരാക്കൾ	—	പൂജ്യനായ തമ്പുരാൻ

അർത്ഥവിവരണത്തിൽനിന്നു പൂജകബഹുവചനത്തിന്റെ സ്വഭാവം സ്പഷ്ടമായിരിക്കുമല്ലോ.

അഭ്യാസം 16.

1. വചനം എത്ര? ഉദാഹരണപൂർവ്വം വിവരിക്കുക 2. അലിംഗ ബഹുവചനത്തിന്നു നാലു് ഉദാഹരണമെഴുതുക. 3. ബഹുവചനംകൊണ്ടു് ബഹുമാനം സൂചിപ്പിക്കാമെന്നു് ഏതാനും ദൃഷ്ടാന്തങ്ങൾകൊണ്ടു കാണിക്കുക. 4. ബഹുവചനരൂപമെഴുതുക. ഇതു്, താൻ, നീ, ഞാൻ, പുരുഷൻ, രാജാവു്, മഹാൻ, ഭാര്യ, സ്ത്രീ, മഹതി, ആചാര്യൻ.

---

൫) കാലം

a. രാമ പാട്ടം.
b. രാമ പാട്ടനു.
c. രാമ പാടി.

1. പൂർവ്വവാക്യങ്ങളിലെ ക്രിയാപദങ്ങളെ നോക്കുക. 'പാട്ടം' എന്ന പദം നിർദ്ദേശിക്കുന്ന പ്രവൃത്തി നടന്നുകഴിഞ്ഞതോ, നടക്കുന്നതോ അല്ല; നടക്കുവാൻ പോകുന്നതാണു്. അതിനു് ആധാരമായ കാലം ഭാവിയാകുന്നു. 'പാട്ടനു' എന്ന

ക്രിയയ്ക്ക് ആധാരം വർത്തമാനകാലമാണ്. 'പാടി' എന്നത് കഴിഞ്ഞ ഒരു പ്രവൃത്തിയെ കുറിക്കുന്നു. അതിന് ആശ്രയമായ കാലം ഭൂതമാണ്. ഭാവി, വർത്തമാനം, ഭൂതം എന്നീ കാലഭേദങ്ങളെ സൂചിപ്പിക്കുന്നതിന് ക്രിയാരൂപത്തിലും വ്യത്യാസം വരുത്തുന്നുണ്ടെന്ന്, ഉദാഹരണങ്ങളിൽനിന്നു ഗ്രഹിക്കാമല്ലൊ.

ഭൂതം	വർത്തമാനം	ഭാവി
കൊടുത്തു	കൊടുക്കുന്നു	കൊടുക്കും
പറഞ്ഞു	പറയുന്നു	പറയും
പോയി	പോകുന്നു	പോകും
വെന്തു	വേകുന്നു	വേകും
ചൊല്ലി	ചൊല്ലുന്നു	ചൊല്ലും

2. പാടും, പാടുന്നു, പാടി; തൊഴും, തൊഴുന്നു, തൊഴുതു; ഈ ക്രിയാരൂപങ്ങളും നോക്കിയാൽ കാലം നിർദ്ദേശിക്കുവാൻ ചേർത്തിട്ടുള്ള പ്രത്യയം മനസ്സിലാക്കാം.

ഭൂതം	വർത്തമാനം	ഭാവി
ഇ യ്	ഇന്നു	ഉം

കൊടുത്തു, കൊന്നു, പറഞ്ഞു, വെന്തു, ഏറി, കണ്ടു, ഈ ക്രിയകളിലെല്ലാം ഭൂതകാലപ്രത്യയമായി, 'ത' എന്ന അക്ഷരം തന്നെയാണ് ചേർത്തിരിക്കുന്നത്.

3. 'രാധയേ ഇതു മധുരമായി പാട്', എന്ന വാക്യത്തിലെ ക്രിയയും ഭാവികാലത്തെയാണ് സൂചിപ്പിക്കുന്നത്. പക്ഷെ കാലം മാത്രമല്ല അതു കുറിക്കുന്നത്. കർത്താവ്, കർമ്മം, മുതലായവയിൽ അവധാരണം എന്ന അർത്ഥവിശേഷം കാണിക്കുവാൻ 'ഏ' എന്നു ചേരുമ്പോൾ 'ഉ' എന്ന ഭാവിപ്രത്യയം പ്രയോഗിക്കണം.

രാധ നല്ല പാട്ടേ പാടൂ.

ഞാൻ നല്ല ഗൃഹത്തിലേ താമസിക്കൂ.

രാമൻ സജ്ജനങ്ങളോടെ സംസർഗ്ഗംചെയ്യൂ.

4. ഒരു സംഭവം വിവരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന ക്രമം വ്യക്തമാക്കുന്നു, വാക്യങ്ങളിലെ ക്രിയാപദങ്ങളുടെ രൂപംകൊണ്ടാകുന്നു. അതിനാൽ വർത്തമാനത്തെയും ഭൂതത്തെയും ഭാവിയെയും കുറിക്കുന്ന ക്രിയകളും ഒരു വ്യവസ്ഥയും കൂടാതെ ഇടകലർത്തി പ്രയോഗിക്കരുതു്. 'രാമൻ പള്ളിശാലയിൽനിന്നു പോയി ഉടനെ രാവണൻ വേഷപ്രച്ഛന്നനായി ചെല്ലുന്നു. സീതാദേവി ഭയപ്പെട്ടു', ഇങ്ങനെ എഴുതുന്നതു് അബദ്ധമാകുന്നു. 'പോയി' എന്നാണല്ലൊ പ്രഥമവാക്യത്തിലെ ക്രിയ. ഇതും തൃതീയവാക്യത്തിലെ ക്രിയയായ 'ഭയപ്പെട്ടു' എന്ന പദവും ഭൂതകാലസംഭവങ്ങളെയാണു് കാണിക്കുന്നതു്. ഇടയ്ക്കു നടന്ന സംഭവം വർത്തമാനമാകുന്നതെങ്ങിനെ? അവിടേയും 'ചെന്നു' എന്ന ഭൂതകാലരൂപംതന്നെ പ്രയോഗിക്കുന്നതാണു് ഈ സന്ദർഭത്തിൽ യുക്തം.

അഭ്യാസം 17.

(1) ഉം, ഉ, ഇ പ്രത്യയങ്ങളുടെ പ്രയോജനം വ്യക്തമാകുന്ന മൂന്നു ഉദാഹരണവാക്യം വീതം എഴുതുക (2) നീയുക, കേൾക്കുക, മരിക്കുക, ചിരിക്കുക, മുഴുകുക, തോല്ലുക, നില്ലുക, വെല്ലുക ഇവയുടെ ഭൂതകാലരൂപം എഴുതുക (3) തെറ്റു തിരുത്തുക: — കൌരവസൈന്യവും പാണ്ഡവസൈന്യവും അണിനിരന്നു. ശ്രീകൃഷ്ണൻ അർജ്ജുനന്റെ രഥം രണ്ടു പക്ഷത്തിന്റേയും നടുക്കുനിർത്തുന്നു. പാർത്ഥൻ ഇരുഭാഗത്തും കരിക്കുവാൻ സന്നദ്ധരായി നില്ലുന്ന ക്ഷത്രിയന്മാരെ കണ്ടു ആ യോദ്ധാവിനു് അനുകമ്പ തോന്നുന്നു.

ദ്രവ്യവിഭക്തി

a. ഞാൻ നിന്നെ അനേഷിച്ചു.

b. നീ എന്റെ പുസ്തകം എനിക്കു തരുമോ?

1. അനേഷിച്ചു എന്ന ക്രിയയുടെ കർത്താവാണു 'ഞാൻ' അതിന്റെ കർമ്മമാണു് 'നിന്നെ' എന്ന പദംകൊണ്ടു കുറിക്കുന്നതും. 'ഞാൻ' 'നീ' 'അനേഷിച്ചു', എന്നായിരുന്നു വാക്യരൂപമെങ്കിൽ ആരാണു് കർത്താവു്, ആരാണു് കർമ്മം, എന്നു

വിശദമാക്കുമായിരുന്നില്ല. നാമത്തിനു മറ്റു പദത്തോടുള്ള ബന്ധം കാണിക്കുവാൻ അതിന്റെ രൂപം ഭേദപ്പെടുത്തേണ്ടി വരും. ഞാൻ, എന്റെ, എനിക്കു; നീ, നിന്നെ; ഈ രൂപങ്ങളും നോക്കുക. അന്യപദങ്ങളോടുള്ള ബന്ധം പ്രകാശിപ്പിക്കുവാൻ നാമത്തിൽ വരുത്തുന്ന രൂപഭേദമാണ് വിഭക്തി.

2. ഭാഷയിൽ ഏഴു വിഭക്തികളുണ്ട്:—

വിഭക്തി	രൂപം
1. നിർദ്ദേശിക	തല
2. പ്രതിഗ്രാഹിക	തലയെ
3. സംയോജിക	തലയോട്
4. ഉദ്ദേശിക	തലയ്ക്ക്
5. പ്രയോജിക	തലയാൽ
6. സംബന്ധിക	തലയുടെ
7. ആധാരിക	തലയിൽ തലയ്ക്കൽ

3. സംസാരിക്കുമ്പോൾ ശ്രോതാവിനെ സംബോധനം ചെയ്യുന്നതിനും നാമത്തിൽ രൂപഭേദം ചെയ്യേണ്ടിവരും. ആ പദത്തിനു സംബോധിക എന്ന സംജ്ഞ നല്കിയിരിക്കുന്നു.

രാമാ, ദേവീ, മകനേ, അമ്മേ, പിതാവേ.

4. വിഭക്തിരൂപങ്ങളും സുഗ്രഹമാക്കുവാൻ ചില മാതൃകകളും താഴെ കൊടുക്കുന്നു:—

രാജാവു്.

1. നിർദ്ദേശിക	രാജാവു്
2. പ്രതിഗ്രാഹിക	രാജാവിനെ, രാജാവു്
3. സംയോജിക	രാജാവിനോടു്, രാജാവോടു്
4. ഉദ്ദേശിക	രാജാവിനു്
5. പ്രയോജിക	രാജാവിനാൽ, രാജാവാൽ
6. സംബന്ധിക	രാജാവിന്റെ
7. ആധാരിക	രാജാവിൽ രാജാവിങ്കൽ
സംബോധിക	രാജാവേ

നഗരം.

	നിർദ്ദേശിക	നഗരം
2.	പ്രതിഗ്രാഹിക	നഗരത്തെ
3.	സംയോജിക	നഗരത്തോട്
4.	ഉദ്ദേശിക	നഗരത്തിന്
5.	പ്രയോജിക	നഗരത്താൽ
6.	സംബന്ധിക	നഗരത്തിന്റെ
7.	ആധാരിക	നഗരത്തിൽ നഗരത്തികൽ
	സംബോധിക	നഗരമേ

മലർ.

1.	നി.	മലർ
2.	പ്ര.	മലരിനെ
3.	സം.	മലരിനോട്, മലരോട്
4.	ഉ.	മലരിന്
5.	പ്ര.	മലരിനാൽ, മലരാൽ
6.	സംബ.	മലരിന്റെ
7.	ആ.	മലരിൽ മലരികൽ
	സംബോ.	മലരേ

4. പ്രയോജികയുടെ അർത്ഥം സിദ്ധികുത്തക്കവണ്ണം 'കൊണ്ട്' എന്ന ശബ്ദം ചേർത്തും രൂപഭേദം വരുത്താം. ഉദാഹരണം: രാമനെക്കൊണ്ട്; വടികൊണ്ട്; സീതയെക്കൊണ്ട്.

അഭ്യാസം 18.

(1) വിഭക്തി എന്നാൽ എന്ത്? (2) a. സംബന്ധികാരൂപമെഴുതുക:— പുസ്തകം, നേതാവ്, മനസ്സ്, ക്ഷത്രൻ. (b) ഉദ്ദേശികാരൂപമെഴുതുക:— മുനി, ആത്മാവ്, കല, മുതൽ, പടി, ധനം, മലർ, ഞാൻ, നീ, അവൻ, മകൾ. (c) സംബോധികാരൂപമെഴുതുക:— അമ്മ, മകൻ, അച്ഛൻ, ഭർത്താവ്, ഭാര്യ, ധനം, മനസ്സ്, മകൾ. (d) ആധാരികാരൂപമെഴുതുക:— മഹർഷി, ഞാൻ, നീ, കർത്താവ്, തേജസ്സ്.

ൽ നിഷേധവാക്യം

1. കുട്ടി വീട്ടിൽ ഉണ്ട്.
2. കുട്ടി വീട്ടിൽ ഇല്ല.

1. ഒന്നാമത്തെ വാക്യത്തിൽ കുട്ടി വീട്ടിലുണ്ടെന്നു സമ്മതിക്കുന്നു; അഥവാ ഒരു കാര്യത്തിൽ അനുവാദത്തെ കാണിക്കുന്നു. രണ്ടാമത്തെ വാക്യത്തിൽ ആ അർത്ഥത്തെ നിഷേധിച്ചിരിക്കുന്നു. ഒന്നാമത്തേതു അനുവാദോക്യവും രണ്ടാമത്തേതു നിഷേധവാക്യവും ആകുന്നു. 'ഇല്ല' എന്ന ശബ്ദം 'ഉണ്ട്' എന്നതിന്റെ നിഷേധരൂപത്തെ കാണിക്കും.

1. (a) ചന്ദ്രൻ പ്രകാശിക്കുന്നു.
   (b) ചന്ദ്രൻ പ്രകാശിക്കുന്നില്ല.
2. (a) ചന്ദ്രൻ പ്രകാശിച്ചു.
   (b) ചന്ദ്രൻ പ്രകാശിച്ചില്ല.
3. (a) ചന്ദ്രൻ പ്രകാശിക്കും.
   (b) ചന്ദ്രൻ പ്രകാശിക്കയില്ല.

2. ഇവിടെ 'b' എന്നു അടയാളപ്പെടുത്തീട്ടുള്ള വാക്യങ്ങളിൽ നിഷേധാർത്ഥത്തെ കാണിക്കുവാനായി 'ഇല്ല' എന്ന പദം തന്നെയാണ് ചേർത്തിട്ടുള്ളതു; അവ ക്രമത്തിൽ വർത്തമാനം, ഭൂതം, ഭാവി, എന്നീ കാലങ്ങളിലുള്ള ക്രിയകളുടെ അർത്ഥത്തെ നിഷേധിക്കുന്നു.

1 (a) ആ ഭടൻ വീരനാണ്.
   (b) ആ ഭടൻ വീരനല്ല.
2 (a) കുട്ടികൾ മടിയന്മാരാകുന്നു.
   (b) കുട്ടികൾ മടിയന്മാരല്ല.
3 (a) അന്ധവിശ്വാസം ദോഷകരമത്രെ.
   (b) അന്ധവിശ്വാസം ദോഷകരമല്ല.

3. മേലുദാഹരിച്ച വാക്യങ്ങളിൽനിന്നു, 'ആണ്', 'ആകുന്നു', 'അത്രെ' എന്ന ശബ്ദങ്ങളിൽ അവസാനിക്കുന്ന വാക്യങ്ങ

ളുടെ അർത്ഥത്തെ നിഷേധിക്കാൻ 'അല്ല' എന്ന പദമാണ് പ്ര യോഗിക്കേണ്ടതെന്നു തെളിയുന്നുണ്ടല്ലൊ.

1 സത്യം പറയണം.
2 അസത്യം പറയരുത്.
3 ഭൃത്യൻ അങ്ങാടിയിലേക്ക് പോകണം.
4 ഭൃത്യൻ അങ്ങാടിയിലേക്ക് പോകേണ്ട.

ഈ ഉദാഹരണങ്ങളിൽ ആദ്യത്തെ വാക്യം വിധിരൂപത്തി ലുള്ളതാകുന്നു. സത്യം പറയണമെന്നുള്ളത് ഒരു 'വിധി'യാണ ല്ലൊ. രണ്ടാമത്തേതു ഒരു വിധിയെ നിഷേധിക്കുന്നു. മൂന്നാമ ത്തെ വാക്യം ആജ്ഞാരൂപത്തിലുള്ളതാണ്. ഭൃത്യൻ അങ്ങാടിയി ലേക്കു പോകണമെന്നു ആജ്ഞാപിക്കയാണ് ആ വാക്യംകൊണ്ടു ചെയ്യുന്നതു്. ആ ആജ്ഞയെ നിഷേധിക്കുന്ന രൂപം നാലാമ ത്തെ വാക്യത്തിൽ കാണാം. വിധിയെ നിഷേധിക്കാൻ 'അരുതു്' എന്ന ശബ്ദം പ്രയോഗിക്കണം. 'വേണ്ട' എന്ന നിഷേധരൂ പം ചേർന്നുവരുന്നതായ പോകണ്ട, എഴുതണ്ട, വായിക്കണ്ട ഇത്യാ ദി രൂപങ്ങളാണ് ആജ്ഞയെ നിഷേധിക്കുന്നതു്.

5. നിഷേധാർത്ഥസൂചകമായ 'ആ' എന്ന പ്രത്യയം ചേ ർന്നുവരുന്നതായ മല്ലാ, ഒലാ, വഹിയ, വയ്യ, കൂടാ, ആകാ മുതലായ ശബ്ദങ്ങളും ചേർന്നും നിഷേധവാക്യങ്ങളുണ്ടാകും.

1 'പലരോടും നിനയാതെ
ഒരു കാര്യം ചൊല്ലാ.'
2 'കളവായതു കഥിക്കൊലാ.'
3 എനിക്കതു വഹിയാ.
4 ചുമട് ചുമക്കാൻ വയ്യാ
5 കളവു പറഞ്ഞുകൂടാ.
6 കഴുത കുതിരയാകാ.

6. അല്ലാ, ഒല്ലാ, കൂടാ, വഹിയാ മുതലായ ദീർഘാന്ത ശബ്ദങ്ങളും കൂടാ, വഹിയ, വയ്യ, എന്നും മറ്റും ഹ്രസ്വാന്തമായി ട്ടാണ് സാധാരണ എഴുതാറുള്ളതു്. പദ്യങ്ങളിൽ ഹ്രസ്വാന്തമായ

യിട്ടോ ദീർഘാന്തമായിട്ടോ ഒസൗകര്യംപോലെ പ്രയോഗിക്കാം. താഴെ ചേർക്കുന്ന വരികളും നോക്കുക:—

കുപ്പായമില്ലാ, കുടയില്ല, മാറാ—
പ്പില്ലാ, വിരിപ്പില്ല, ചെരിപ്പുമില്ലാ.

7. 'രാമൻ പഠിച്ചില്ലെന്നില്ല', 'അവനും യുദ്ധം ചെയ്തില്ലെന്നില്ല' എന്ന വാക്യങ്ങളിൽ നിഷേധിക്കുന്ന രണ്ടു ശബ്ദംവീതം പ്രയോഗിച്ചിട്ടുണ്ട്. അനുവാദാർത്ഥമാണ് അതിൽനിന്നു കിട്ടുന്നതു്. 'രാമൻ പഠിച്ചില്ലെന്നില്ല' എന്നു പറഞ്ഞാൽ 'രാമൻ പഠിച്ചു' എന്നും 'അവനും യുദ്ധം ചെയ്തില്ലെന്നില്ല' എന്നു പറഞ്ഞാൽ 'അവനും യുദ്ധംചെയ്തു' എന്നുമാണല്ലൊ അർത്ഥം. രണ്ടു നിഷേധക്രിയകളും ഒന്നിച്ചുചേർന്നാൽ അനുവാദാർത്ഥത്തെ കാണിക്കും. വേറെ ഉദാഹരണം; —

1 കൂട്ടികൾ പഠിക്കണം.
കൂട്ടികൾ പഠിക്കാതിരിക്കരുതു്.

2 എനിക്കു ധൈര്യമുണ്ടു്.
എനിക്കു ധൈര്യമില്ലായ്കയില്ല.

3 നിങ്ങൾക്കു സംസാരിക്കാം.
നിങ്ങൾ സംസാരിക്കാതിരിക്കണമെന്നില്ല.

അഭ്യാസം 10.

A. നിഷേധരൂപത്തിലാക്കുക:—

1. മഴയുണ്ടു. 2. നക്ഷത്രങ്ങൾക്കു പ്രകാശമുണ്ടു്. 3. ഭൂമി ഉരുണ്ടതാകുന്നു. 4. അവൻ പോകട്ടെ. 5. അവനു നടക്കാറായിട്ടുണ്ടു്. 6. ശത്രുക്കൾ നശിക്കട്ടെ.

B. അനുവാദരൂപത്തിലാക്കുക: —

1. മനുഷ്യരെല്ലാം സിദ്ധയരല്ല. 2. എല്ലാവരും കൃഷിചെയ്യരുതു്. 3. ധർമ്മം നശിക്കാതിരിക്കട്ടെ. 4. ഏറെ മുതൽ വീഴുന്നതാകും. 5. എന്നെക്കൊണ്ടു് അതു വയ്യ. 6. ക്ലാസിൽ സംസാരിക്കാതിരിക്കുവിൻ. 7. രാമൻ വിട്ടിലില്ല. 8. അതു ചെയ്യുകിടം. 9. നിങ്ങൾ അതു ചെയ്യാതിരിക്കണം. 10. ഇവിടെവന്നു പോയ്കൂടയരുതു്.

---

൨൦ ക്രിയ.

മുറവിന—പരവിന

1. പൂക്കാം വിടൻ.

2. വിടൻ പൂക്കാംക്ക നല്ല: സുഗന്ധമുണ്ട്.

1. ഒന്നാമത്തെ വാക്യം 'വിടൻ' എന്ന ക്രിയയിൽ അവ സാനിക്കുന്നു. ആ ക്രിയ മറെറാരു പദത്തേയും ആശ്രയിച്ചു നില്ക്കുന്നില്ല. അത്രംകൊണ്ട് അതു പൂർണ്ണവും സ്വതന്ത്രവുമാണ്. രണ്ടാമത്തെ വാക്യത്തിലുള്ള 'വിടൻ' എന്ന പദം ഒരു പ്രവൃത്തിയെ കാണിക്കുന്നതാണെങ്കിലും, അത്രംകൊണ്ട് അതു പൂർണ്ണമോ സ്വതന്ത്രമോ അല്ല. 'പൂക്കുന്നു' എന്ന മറെറാരു പദത്തിനു കീഴടങ്ങിനിന്നുകൊണ്ട് അതിന്റെ അർത്ഥത്തെ വിശേഷിപ്പിക്കുകയാണ് അതു ചെയ്യുന്നത്. ആ ക്രിയാപദം അസ്വതന്ത്രവും അപൂർണ്ണവുമാകുന്നു. വേറെ ഉദാഹരണം നോക്കുക:—

1. അന്നമൻ മദ്രാസിൽനിന്നു വന്നു.

2. ഇന്നു വീട്ടിൽ വന്നു എന്നെ കണ്ടു.

2. 'വന്നു' എന്നതാണ് പ്രഥമവാക്യത്തിലെ ക്രിയ. അതു സ്വതന്ത്രമാണ്. രണ്ടാമത്തെ വാക്യത്തിൽ കാണുന്ന 'വന്നു' എന്ന ക്രിയ അസ്വതന്ത്രവും അപൂർണ്ണവുമാകുന്നു. സ്വതന്ത്രമായ ക്രിയ മുറവിന. അസ്വതന്ത്രമായ ക്രിയ പറവിന. പൂർണ്ണക്രിയ, അപൂർണ്ണക്രിയ എന്നുംകൂടി ഇവയ്ക്കു പേരു പറയാറുണ്ട്.

1. അവനു പോകാൻ തിടുക്കമുണ്ടത്രെ.

2. പോയാൽ വേഗം വരണം.

3. ഈ വാക്യങ്ങളിൽ കാണുന്ന 'പോകാൻ' 'പോയാൽ' എന്ന പദങ്ങളും 'പോവുക' എന്ന ക്രിയയുടെ രൂപഭേദങ്ങൾതന്നെയാണല്ലൊ. ഇവ സ്വതന്ത്രങ്ങളായിട്ടല്ല വാക്യങ്ങളിൽ നില്ക്കുന്നത്. 'പോകാൻ' എന്നതു 'തിടുക്കമുണ്ട്' എന്ന ക്രിയാ

പദത്തെയും ആശ്രയിച്ചുനിന്നുകൊണ്ട് അവയെ വിശേഷിപ്പിക്കുന്നു. ഇവയും പറവിനകൾക്കു ഉദാഹരണങ്ങളാകുന്നു.

4. മേല്പറഞ്ഞിട്ടുള്ള അസ്വതന്ത്രക്രിയകളെ—പറവിനകളെ—പരിശോധിച്ചാൽ മറ്റൊരു വ്യത്യാസംകൂടി വെളിപ്പെടും. 'വിടന്ന' എന്നതു 'പൂക്കൾ' എന്ന നാമത്തെ വിശേഷിപ്പിക്കുന്നു. 'വന്ന', 'പോകാൻ', 'പോയാൽ' എന്നിവ ഓരോ ക്രിയയെ വിശേഷിപ്പിക്കുന്നു. നാമത്തെ വിശേഷിപ്പിക്കുന്ന പറവിന പേരെച്ചം; ക്രിയയെ ആശ്രയിച്ചുനില്ക്കുന്ന പറവിന വിനയെച്ചം. വരുന്ന, വന്ന; ജയിക്കുന്ന, ജയിച്ച; കാണുന്ന കണ്ട എന്നിത്യാദികൾ പേരെച്ചങ്ങളും വന്ന, വരാൻ, വന്നാൽ, ജയിച്ച്, ജയിക്കാൻ, ജയിച്ചാൽ, കണ്ട്, കാണാൻ, കണ്ടാൽ മുതലായവ വിനയെച്ചങ്ങളുമാകുന്നു.

5. സകർമ്മകം അകർമ്മകം; കേവലം, പ്രയോജകം; മുറവിന പറവിന; എന്നിങ്ങനെ ക്രിയകൾക്കു മൂന്നു പിരിവുകളും, പറവിനയ്ക്കു പേരെച്ചമെന്നും വിനയെച്ചമെന്നും രണ്ടു ഉൾപ്പിരിവുകളും ഉണ്ടെന്നു പഠിച്ചുകഴിഞ്ഞുവല്ലൊ. ഈ പിരിവുകളേയും ഉൾപ്പിരിവുകളേയും ഒരു പട്ടിക വരച്ചു കാണിക്കാം.



അഭ്യാസം 22.

എ. മാറുവിനകളേയും പാറുവിനകളേയും വേർതിരിച്ചു കാണിക്കുക:—

1. കളി കഴിഞ്ഞു അവർ ഇപ്പോൾ വരും. 2. വീശന്നാൽ വല്ലതും കൊടുക്കേണ്ടേ? 3. വീണ്ടു കാലൊടിഞ്ഞാൽ ആര് സമാധാനം പറയും? 4. പോയാൽ വേഗം വരണം. 5. എനിക്കു കളിപ്പാൻ വൈകി; കളിച്ചാൽ അല്പം വല്ലതും കഴിക്കണം.

ബി. താഴെ കാണിക്കുന്ന ക്രിയാപദങ്ങളിൽനിന്നു പരെച്ചങ്ങളും വിനയെച്ചങ്ങളും ഉണ്ടാക്കി സ്വന്തം വാക്യത്തിൽ ഉപയോഗിക്കുക:—

1. പ്രകാശിക്കുന്നു. 2. ഇളകുന്നു. 3. പൊട്ടുന്നു. 4. പോടിയുന്നു. 5. ഒഴുകുന്നു. 6. കരയുന്നു. 7. ചായുന്നു. 8. തടവുന്നു. 9. വളയ്ക്കുന്നു. 10. താഴ്ത്തുന്നു.

---

൨൫. സങ്കീർണ്ണകം.

1. നീ പറഞ്ഞ കാര്യം നടക്കയില്ല.
2. അച്ഛൻ അനുവദിച്ചാൽ ഞാൻ വരാം.
3. നിയമം ലംഘിക്കുന്നതു് ശിക്ഷാകരമാണു്.
4. അമ്മ വരുന്നതു കട്ടി കണ്ടു.

1. മേല്പറഞ്ഞിച്ച വാക്യത്തിലും രണ്ടു വിചാരംവീതം കലർന്നിട്ടുണ്ടു്. വാക്യങ്ങളെ അപഗ്രഥിച്ചു നോക്കിയാൽ അതു വ്യക്തമാകും. 'നീ പറഞ്ഞ ആ കാര്യം നടക്കയില്ല' എന്ന രണ്ടു വാക്യം ഒന്നിച്ചുചേർന്നതാണു് പ്രഥമവാക്യം. 'നീ പറഞ്ഞ' എന്ന വാക്യത്തിലെ ക്രിയയിൽ വിചാരം അവസാനിക്കുന്നില്ല. അതു് 'കാര്യം' എന്ന നാമത്തെ വിശേഷിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. എങ്കിലും 'പറഞ്ഞ' എന്ന ക്രിയാപദത്തിനും ഒരു ആഖ്യയുണ്ടു്. 'നീ' എന്ന പദം അതിന്റെ ആഖ്യയായിട്ടാണു് എല്ലാ വാക്യത്തിൽ നില്ക്കുന്നതു്. 'കാര്യം നടക്കയില്ല' എന്ന വാക്യം ഒന്നിനേയും വിശേഷിപ്പിക്കാതെ സ്വതന്ത്രമായി നി

ല്ലുന്നു. വിശേഷണമായി വരുന്ന വാക്യം അംഗം, സ്വതന്ത്രമായി നില്ക്കുന്ന വാക്യം അംഗി. 'നീ പറഞ്ഞ' എന്ന ഭാഗം അംഗവാക്യവും, 'കായ്യം നടക്കയില്ല' എന്ന ഭാഗം അംഗിവാക്യവുമാകുന്നു. അംഗവാക്യത്തോടുകൂടിയ അംഗിവാക്യത്തിന് സങ്കീർണ്ണകം എന്നുപേർ.

2. 'അച്ഛൻ അനുവദിച്ചാൽ ഞാൻ വരാം' എന്ന രണ്ടാമത്തെ വാക്യവും സങ്കീർണ്ണകമാകുന്നു. 'അച്ഛൻ അനുവദിച്ചാൽ' എന്നതു അംഗം; 'ഞാൻ വരാം' എന്നതു് അംഗി. 'നീ പറഞ്ഞ' എന്ന അംഗവാക്യത്തിനും 'അച്ഛൻ അനുവദിച്ചാൽ' എന്ന അംഗിവാക്യത്തിനും തമ്മിൽ അല്പം വ്യത്യാസമുണ്ടെന്നു ശ്രദ്ധിച്ചാൽ മനസ്സിലാകും. ആദ്യത്തേതു നാമത്തേയും രണ്ടാമത്തേതു ക്രിയയേയും വിശേഷിപ്പിക്കുന്നു. 'പറഞ്ഞ' എന്ന പദം പേരെച്ചവും 'അനുവദിച്ചാൽ' എന്നതു് വിനയെച്ചവും ആണല്ലൊ. പേരെച്ചം നാമത്തേയും വിനയെച്ചം ക്രിയയേയും വിശേഷിപ്പിക്കുമെന്നു മുൻപു് പഠിച്ചുകഴിഞ്ഞിട്ടുണ്ടു്. നാമത്തിൽ അന്വയിക്കുന്ന അംഗവാക്യത്തിൽ നാമവിശേഷണവാക്യമെന്നും ക്രിയയിൽ അന്വയിക്കുന്ന അംഗവാക്യത്തിനു ക്രിയാവിശേഷണവാക്യമെന്നും നാമകരണം ചെയ്തിരിക്കുന്നു.

3. 'നിയമം ലംഘിക്കുന്നതു' 'ശിക്ഷക്കു കാരണമാണു', ഈ രണ്ടു വാക്യങ്ങളും ചേർന്നുണ്ടായ 'നിയമം ലംഘിക്കുന്നതു ശിക്ഷക്കു കാരണമാണു്' എന്ന മൂന്നാമത്തെ വാക്യവും സങ്കീർണ്ണകംതന്നെ. 'നിയമം ലംഘിക്കുന്നതു' എന്ന അംഗവാക്യം, 'ശിക്ഷക്കു കാരണമാണു്' എന്ന അംഗിവാക്യത്തെ ആശ്രയിച്ചുനില്ക്കുന്നു. അംഗവാക്യം ഇവിടെ ഒരു നാമത്തിന്റെ നിലയിൽ കർത്താവായിട്ടാണു് നില്ക്കുന്നതെന്നു് ഒരു വിശേഷം കൂടിയുണ്ടു്.

4. നാലാമത്തെ വാക്യത്തിലും ഒരു അംഗവാക്യവും ഒരു അംഗിവാക്യവും ഉണ്ടു്. 'കട്ടി കണ്ടു' എന്നതു് അംഗിവാക്യം;

'അമ്മ വരുന്നത്' എന്നതു് അംഗവാക്യം. അംഗവാക്യം 'കുട്ടി കണ്ട' എന്ന അംഗിവാക്യത്തിന്റെ കർമ്മമായി ഒരു നാമത്തിന്റെ സ്ഥിതിയിലാണ് നില്ക്കുന്നതു്. മൂന്നാമത്തെ വാക്യത്തിലെ അംഗവാക്യവും ഒരു നാമത്തിന്റെ നിലയിലുള്ളതാണെന്നു നാം കണ്ടുവല്ലോ. അതിൽ ആ വാക്യം കർത്താവായിരുന്നു. നാലാമത്തെ വാക്യത്തിലാകട്ടെ, കർമ്മത്തിന്റെ സ്ഥാനത്താണ് നില്ക്കുന്നതെന്നു് അവയുടെ തമ്മിൽ വ്യത്യാസം.

ഇങ്ങനെ നാമത്തിനുപകരം നില്ക്കുന്ന വാക്യം നാമവാക്യമാകുന്നു. ഈ മാതിരിയുള്ള നാമവാക്യങ്ങൾക്കു നാമങ്ങൾക്കെന്നപോലെ വിഭക്തി സംഭവിക്കും.

ഉദാഹരണം:—അമ്മ വരുന്നത് നിർദ്ദേശിക

അമ്മ വരുന്നതിനു് ഉദ്ദേശിക

അമ്മ വരുന്നതിൽ ആധാരിക

5. സങ്കീർണ്ണകങ്ങളെ അപഗ്രഥിക്കുമ്പോൾ അംഗവാക്യത്തേയും അംഗിവാക്യത്തേയും വേർതിരിച്ചിട്ടുവേണം പദങ്ങളും തമ്മിലുള്ള ബന്ധം കണിക്കുവാൻ. ഇതിനുദാഹരണം പറയാം.

1. നീ പറഞ്ഞ കാര്യം നടക്കയില്ല.

വാക്യം	ജാതി	കർത്താവ്	
നീ പറഞ്ഞ	അംഗം	നീ	പറഞ്ഞ
കാര്യം നടക്കയില്ല	അംഗി	കാര്യം	നടക്കയില്ല

2. അച്ഛൻ അനുവദിച്ചാൽ ഞാൻ വരാം.

വാക്യം	ജാതി	കർത്താവ്	ക്രിയ	ക്രിയാവിശേഷണം
അച്ഛൻ അനുവദിച്ചാൽ	അംഗം	അച്ഛൻ	അനുവദിച്ചു	ആൽ
ഞാൻ വരാം	അംഗി	ഞാൻ	വരാം	

3. ചിഹ്നം. 'ഞാൻ, അച്ഛൻ ഞനവടിച്ചാൽ നിങ്ങളുടെ കുടെവരാം' എന്ന സങ്കീർണ്ണവാക്യത്തിൽ അംഗവാക്യത്തിലെ കർത്താവായ 'ഞാൻ', ക്രിയയിൽനിന്ന വളരെ അകന്നാണ് നില്ക്കുന്നത്. ആവിടെ അല്പം നിറുത്തി വായിക്കേണ്ടതു് ആവശ്യമാണ്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പദങ്ങളെ അടുപ്പിച്ചു വായിച്ചു തെറ്റിദ്ധാരണയുടെ ഇടയാകാതിരിക്കുന്നതിനുവേണ്ടി ' , ' എന്ന ചിഹ്നം ഇടുകയാണു പതിവു്. ഇതിനു 'അകൂശം' എന്നു പേർ. അല്പം നിറുത്തി വായിക്കേണ്ട സ്ഥലങ്ങളിലെല്ലാം ഈ ചിഹ്നം ഉപയോഗിക്കണം. അമ്മേ, ഞാൻ, ജ്യേഷ്ഠാ, എന്നു തുടങ്ങി സംബോധികാവിഭക്തി കാണുന്ന സ്ഥലത്തും അകൂശം തന്നെയാണു വേണ്ടതു്.

അഭ്യാസം 21.

1. അംഗവാക്യവും അംഗിവാക്യവുമായി തിരിക്കുക. a. അന്നു് എന്നു ഉപദേശിച്ച എങ്കിൽ പ്രിയ മാതാവു ജീവനോടെ? b നിങ്ങൾ പഠിക്കുകയാണെങ്കിൽ തീച്ചയായും ഞാൻ അതു ചെയ്യാം. c താൻ മറുള്ളവർക്കു വേണ്ടിയാണു് സുഗന്ധത്തെ വഹിക്കുന്നതെന്നു മുല്ലപ്പൂവ് കാറിനോടു പറഞ്ഞു d അവൻ ചെറുപ്പത്തിൽ പഠിക്കാതിരുന്നതിനാൽ ഇന്നു കഷ്ടമനുഭവിക്കുന്നു.

അപഗ്രഥിക്കുക:—

1. 'മടികൂടിക്കെട്ടുള്ളു'മെന്നു് അച്ഛൻ പണ്ടുപറഞ്ഞ ഉപദേശം ഓർമ്മയുണ്ടായിരുന്നു. 2 ഞാൻ നിങ്ങളുടെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളതിനാൽ എനിക്കു യാതൊന്നും പറയേണ്ട ആവശ്യമില്ല. 3 അമ്മ അന്നുപറഞ്ഞതെല്ലാം അവൻ ചെയ്തുവന്നു. 4 പക്ഷി പാടുന്നതു കേട്ടുവോ? 5 സൂക്ഷിച്ചാൽ ഉപകരിക്കുന്നതല്ലെന്നു എല്ലാവരും നല്ലപോലെ മനസ്സിലാക്കണം. 6 താഴെ കാണിക്കുന്ന ചൂണ്ടികകൾ ചേർത്തു സങ്കീർണ്ണവാക്യമുണ്ടാക്കുക (1) കാറാക്കാരെ ശിക്ഷിക്കും. ജഡ്ജി പറഞ്ഞു. ഒടുവിൽ ശിക്ഷിക്കാതെ വിട്ടു. (2) നീ വിചാരിച്ചു. അതു നടക്കയില്ല. ഞാൻ പറയുന്നു. (3) മഴ പെയ്തു ഉണ്ണം ശമിച്ചില്ല. (4) നല്ലപോലെ പഠിച്ചു പരീക്ഷയിൽ പാസ്സായില്ല. (5) അവൻ വന്നു. എന്തിനാണെന്നറിഞ്ഞില്ല. അവന്റെ അമ്മ പറയുന്നു.

---

22. വാക്യവൈചിത്ര്യം.

സൂര്യൻ ഒരു ഗോളമാകുന്നു.
ചന്ദ്രനും ഒരു ഗോളമാകുന്നു.
സൂര്യൻ വളരെ വലിയ ഗോളമാകുന്നു.
ചന്ദ്രൻ ചെറിയ ഗോളമാകുന്നു.

1. ചന്ദ്രനേയും സൂര്യനേയും പരാമർശിക്കുന്ന നാലു വാക്യങ്ങളാണ് ആരംഭത്തിൽ കൊടുത്തിട്ടുള്ളത്. അവയെല്ലാം 'ആകുന്നു' എന്ന ക്രിയയിൽ അവസാനിക്കുന്നതിനാൽ വാക്യത്തിനു വൈചിത്ര്യമില്ല. ഗോളം എന്ന നാല വാക്യത്തിലും പ്രയോഗിച്ചിരിക്കുന്നതും വൈചിത്ര്യത്തിനു ഹാനികരമാകുന്നു. ഒരു പദംതന്നെ അടുത്തടുത്ത് ആവർത്തിച്ചതുകൊണ്ട് സംഭവിക്കുന്ന ഈ ദോഷം പരിഹരിക്കേണ്ടതുകൂടുന്നു. മുകളിൽ അവൈചിത്ര്യത്തിനു ഉദാഹരിച്ചിട്ടുള്ള വാക്യങ്ങൾക്കുതന്നെ വൈചിത്ര്യം വരുത്തിനോക്കാം. ഒന്നാമത്തേയും രണ്ടാമത്തേയും വാക്യങ്ങളിലെ ആഖ്യ ഒന്നല്ലെങ്കിലും ആഖ്യാതം ഒന്നുതന്നെയാകയാൽ സമുച്ചയിച്ച് ഏകവാക്യമാക്കാവുന്നതാണ്. മൂന്നാമത്തേയും നാലാമത്തേയും വാക്യങ്ങളും സൂര്യചന്ദ്രന്മാരുടെ താരതമ്യമാണ് കുറിക്കുന്നത്. അവയേയും ഏകവാക്യമാക്കി മാറ്റാം. പരസ്പരബന്ധമുള്ള വാക്യങ്ങളെ ഏകീകരിക്കുന്നതു അവൈചിത്ര്യം പരിഹരിക്കാനുള്ള ഒരു മാർഗ്ഗമാണ് നിർദ്ദേശിച്ചതുപോലെ ഭേദപ്പെടുത്തി താഴെ പകർത്തുന്നതു നോക്കുക:—

സൂര്യനും ചന്ദ്രനും ഗോളമാകുന്നു.
ചന്ദ്രൻ സൂര്യനേക്കാളും ചെറുതാകുന്നു.

'ആകുന്നു' എന്നർത്ഥത്തിൽ പ്രയോഗിക്കാവുന്ന രണ്ടു ക്രിയാരൂപങ്ങളുണ്ട്. 'ആണ്', 'അത്രെ' രൂപവൈചിത്ര്യത്തിനു് ഇവയും ഇടയ്ക്കു പ്രയോഗിക്കാവുന്നതാണ്. 'സൂര്യനും ചന്ദ്രനും ഗോളങ്ങളാകുന്നു. ചന്ദ്രൻ സൂര്യനേക്കാളും ചെറുതാണ്' എന്നു മാറ്റുന്ന പക്ഷം ക്രിയാരൂപത്തിലുള്ള അവൈചിത്ര്യവും

ല്ലുതാകും. പദങ്ങളുടെ സ്ഥാനം മാറിയും വൈചിത്ര്യം സമ്പാദിക്കാം.

സൂര്യനും ചന്ദ്രനും ഗോളങ്ങളാകുന്നു.

സൂര്യനേക്കാൾ ചെറുതാകുന്നു ചന്ദ്രൻ.

ഇവിടെ ക്രിയാരൂപം ആദ്യത്തേതുതന്നെ. അതിന്റെ സ്ഥാനംമാത്രം ഭേദപ്പെട്ടിരിക്കുന്നു.

2. നാമങ്ങളുടെ ആവർത്തനമുണ്ടാകുന്ന അരോചകത്വം നീക്കുന്നതിനു സർവ്വനാമങ്ങളും സാമാന്യനാമങ്ങളും പകരം പ്രയോഗിക്കാവുന്നതാണ്.

ഉദാഹരണം:—

a. രാധാകൃഷ്ണൻ ഒരു തത്വശാസ്ത്രവിശാരദനാണ്. അദ്ദേഹത്തിന്റെ ഖ്യാതി പാശ്ചാത്യദേശങ്ങളിലും പരന്നിട്ടുണ്ട്.

രാധാകൃഷ്ണന്റെ എന്നു് ആവർത്തനം കൂടാതെ കഴിക്കുവാൻ 'അദ്ദേഹത്തിന്റെ' എന്ന സാമാന്യനാമം പ്രയോഗിച്ചിരിക്കുന്നു. 'ആ ബുദ്ധിമാന്റെ' 'ആ പണ്ഡിതന്റെ', 'ആ സ്വതന്ത്രചിന്തകന്റെ', ഇത്യാദി സാമാന്യനാമങ്ങളും രാധാകൃഷ്ണനു പകരം പ്രയോഗിക്കാവുന്നതാണു്.

b. ഗൌരി ബുദ്ധിമതിയാകുന്നു.

അവൾ നല്ലപോലെ പഠിക്കും.

'ഗൌരി' എന്ന ആവർത്തിക്കാതിരിക്കുവാൻ 'അവൾ' എന്ന സർവ്വനാമം പ്രയോഗിച്ചിരിക്കുന്നു. ആ കുട്ടി, ആ ബാലിക, ആ വിദ്യാർത്ഥിനി മുതലായ സാമാന്യനാമങ്ങളും ഗൌരിക്കു പകരം പ്രയോഗിക്കാം.

അഭ്യാസം 22.

(1) ക്രിയയുടെ ആവർത്തനവൈചിത്ര്യം പരിഹരിക്കുക. ഉ. ഗംഗ ഒരു പുണ്യനദി ആകുന്നു. കാശി അതിന്റെ തീരത്താകുന്നു. ആ നഗരം ഒരു പുണ്യസ്ഥലമാകുന്നു. രാമൻ എന്നൊരു ബാലൻ ഉണ്ട്. അവനു അസാമാന്യമായ ബുദ്ധിസാമർത്ഥ്യമുണ്ട്. കുട്ടി പഠിച്ചതെല്ലാം ഓർമ്മിക്കു

ന്നുണ്ട്. b കേരളത്തിന്റെ തലസ്ഥാനം തിരുവഞ്ചിക്കളമായിരുന്നു. പശ്ചിമതീരത്തെ വലിയ തുറമുഖം കൊടുങ്ങല്ലൂരായിരുന്നു. ആ നഗരം വളരെ പ്രസിദ്ധമായിരുന്നു. (2) നാമപദങ്ങളുടെ ആവർത്തനംകൊണ്ടു ള്ള ശൈഥില്യം പരിഹരിക്കുക:— a. എഴുത്തച്ഛൻ ഒരു മഹാകവിയാണ്. എഴുത്തച്ഛനാകുന്നു കിളിപ്പാട്ട് നിർമ്മിച്ചതു്. അദ്ധ്യാത്മരാമായണവും മഹാഭാരതവും എഴുത്തച്ഛന്റെ കൃതികളാകുന്നു. b കേരളം നമ്മുടെ ജന്മഭൂമിയാകുന്നു. കേരളത്തിന്റെ പ്രശസ്തി പണ്ടുതന്നെ ലോകത്തിലെങ്ങും വ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾ പരാക്രമശാലികളും സൽസ്വഭാവികളുമാണ്.

---

24. പ്രയോജകകർത്താവു്

1 ഭാഗവതർ പാട്ടു പാടുന്നു.

2 ഭാഗവതർ കുട്ടികളെക്കൊണ്ടു പാട്ടു പാടിക്കുന്നു.

1. 'പാടുന്നു', 'പാടിക്കുന്നു' ഈ ക്രിയകളിൽ ആദ്യത്തേതു സ്വയം പ്രവൃത്തിചെയ്യുന്ന രൂപത്തേയും, രണ്ടാമത്തേതു് പ്രവൃത്തി ചെയ്യാൻ മറ്റൊരാളെ പ്രേരിപ്പിക്കുന്ന രൂപത്തേയും കാണിക്കുന്നു. ഇവയിൽ ഒന്നാമത്തേതു് കേവലക്രിയയും രണ്ടാമത്തേതു് പ്രയോജകക്രിയയുമാണെന്നു പറിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. പ്രയോജകത്തിൽ ഒരാൾ മറ്റൊരാളുടെ പ്രേരണനിമിത്തം ക്രിയ ചെയ്യുകയാണ്. ആ സ്ഥിതിക്കു ക്രിയചെയ്യുന്നവനും അതിനു പ്രേരിപ്പിക്കുന്നവനും ഒരു വിധം നോക്കുമ്പോൾ കർത്താവുതന്നെ. ഭാഗവതർ കുട്ടികളെക്കൊണ്ടു പാട്ടു പാടിക്കുമ്പോൾ പാടുന്ന കുട്ടികൾക്കും അതിനു അവരെ പ്രേരിപ്പിക്കുന്ന ഭാഗവതർക്കും അതിൽ കർത്തൃത്വമുണ്ട്. രണ്ടും തിരിച്ചറിയുവാനായി, ക്രിയ നടത്തുന്നവൻ പ്രയോജ്യകർത്താവു്; പ്രേരിപ്പിക്കുന്നവൻ പ്രയോജകകർത്താവു്; എന്നു് അവയ്ക്കുതമ്മിൽ ഭേദം കല്പിക്കാം. 'പാടുക' എന്ന പ്രവൃത്തി ചെയ്യുന്ന 'കുട്ടികൾ' പ്രയോജ്യകർത്താവു്; അതിനു അവരെ പ്രേരിപ്പിക്കുന്ന 'ഭാഗവതർ' പ്രയോജകകർത്താവു്.

വേറെ ഉദാഹരണം:—

1. a. കച്ചവടക്കാരൻ എഴുത്തെഴുതുന്നു.
   b. കച്ചവടക്കാരൻ ഗുമസ്തനെക്കൊണ്ടു എഴുത്തെഴുതിക്കുന്നു.
2. a. രാജാവു് രാജ്യം ഭരിക്കുന്നു.
   b. രാജാവു് മന്ത്രിയെക്കൊണ്ടു് രാജ്യം ഭരിപ്പിക്കുന്നു.
3. a. ഗൃഹനായിക ചെടി നനയ്ക്കുന്നു.
   b. ഗൃഹനായിക വേലക്കാരെക്കൊണ്ടു ചെടി നനപ്പിക്കുന്നു.

2. ഇവിടെ 'b' എന്നടയാളപ്പെടുത്തിയിട്ടുള്ള വാക്യങ്ങളിലെല്ലാം പ്രയോജകക്രിയകളാകുന്നു. ആ വാക്യങ്ങളിൽ കച്ചവടക്കാരൻ, രാജാവു്, ഗൃഹനായിക എന്നീ പദങ്ങളും പ്രയോജകകർത്താവിന്റെ നിലയിലും ഗുമസ്തൻ, മന്ത്രി, വേലക്കാർ എന്നിവ പ്രയോജ്യകർത്താവിന്റെ നിലയിലുമാണു് നില്ക്കുന്നതു്.

അഭ്യാസം 23.

1. പ്രായോജ്യകർത്താവിനും പ്രയോജകകർത്താവിനും തമ്മിൽ വ്യത്യാസമെന്തു്? പ്രയോജകകർത്താവു് എന്താണെന്നു പറയുക.

1. ധനവാൻ ഭൃത്യന്മാരെക്കൊണ്ടു വേല ചെയ്യിക്കുന്നു. 2 രാമവർമ്മമഹാരാജാവു് കോയിത്തമ്പുരാനെക്കൊണ്ടു മഹാഭാരതം നിർമ്മിപ്പിച്ചു. 3. അച്ഛൻ എന്നെക്കൊണ്ടു രാമായണം വായിപ്പിച്ചു.

3 പ്രയോജകകർത്താവിന്റേയും പ്രയോജ്യകർത്താവിന്റേയും ആവശ്യം വരത്തക്കവണ്ണം അഞ്ചു വാക്യമെഴുതുക.

ഒരു എഴുത്തു്

1. അടുത്തിരിക്കുന്നവരെ മാത്രമേ നമുക്കു സംസാരിച്ചു കായ്യം മനസ്സിലാക്കാൻ സാധിക്കയുള്ളു. അകലത്തിരിക്കുന്നവരെ എന്തെങ്കിലും അറിയിക്കുന്നതിനു് എഴുത്തെഴുതേണ്ടിയിരിക്കു

ന്നു. വിദ്യാഭ്യാസത്തിനായി സ്വദേശം വിടേണ്ടിവരുന്ന വിദ്യാർത്ഥികൾക്കതന്നെ ഇപ്പോഴും ധാരാളമുണ്ട്. അവർക്ക് അച്ഛനമ്മമാരേയോ സ്നേഹിതന്മാരേയോ എന്തെങ്കിലും വിവരം അറിയിക്കേണ്ടിവന്നാൽ എഴുത്തയയ്ക്കുകയല്ലാതെ നിവൃത്തിയില്ല. ഒരു വിദ്യാർത്ഥി തന്റെ സ്നേഹിതനയച്ച ഒരു കത്തു നോക്കുക.

ശ്രീ

കൊല്ലം
20_7_112.

മിത്രമേ,

ഞങ്ങളുടെ പരീക്ഷ അടുത്തു. പഠിക്കുന്ന തിരക്കാണിപ്പോൾ. ഞാൻ ശ്രദ്ധിച്ചു വായിക്കുന്നുണ്ട്. പരീക്ഷയിൽ ജയിക്കുമെന്നതന്നെയാണ് എന്റെ വിശ്വാസം. ഈശ്വരാനുഗ്രഹമുണ്ടെങ്കിൽ ഇക്കൊല്ലവും ഞാനൊരു സമ്മാനം വാങ്ങും.

എനിക്കു ഇവിടെ അധികം കൂട്ടുകാരില്ല. ക്ഷീണം കൂട്ട് പീഡിക്കുമെന്നു് അച്ഛൻ ഉപദേശിച്ചതു ഞാൻ ഇപ്പോഴും ഓർക്കുന്നു. കൂട്ടുകാർ കുറവായതിനാൽ വായിക്കാൻ എനിക്കു സമയം ധാരാളം കിട്ടുന്നു. എന്റെ വിജയത്തിന്റെ രഹസ്യവും അതുതന്നെ.

അന്തരാത്മാവിന്റെ ചോദ്യം പിടിപ്പെട്ടിരിക്കയാണെന്നു് നിങ്ങളുടെ എഴുത്തിൽനിന്നു മനസ്സിലായി. അവൻ മണ്ണിൽ കളിച്ചുനടന്നിരുന്നപ്പോൾതന്നെ ഞാൻ ഇതു കരുതിയിരുന്നതാണു്. ഇനിയെങ്കിലും ശ്രദ്ധിക്കാൻ അവനോടു് പറയുക.

ഇവിടെ അങ്ങുമീങ്ങും ചില പകർച്ചവ്യാധികൾ തലപൊക്കിത്തുടങ്ങിയിട്ടുണ്ട്. ശുചിയായ ജീവിതം എന്നെ അവയിൽനിന്നു രക്ഷിക്കുന്നു. സ്റ്റൂപ്പു പൂട്ടിയാൽ ഉടനെ ഞാൻ നാട്ടിലെത്തും. വിവരം എന്റെ പ്രിയപ്പെട്ട അമ്മയേയും അറിയിക്കണമെന്നപേക്ഷ. നിങ്ങൾക്കെല്ലാം വേണ്ടി എന്റെ വിനീതമായ നമസ്കാരം.

എന്നു് സ്വന്തം രമേശൻ (ഒപ്പു്)

2. ഈ എഴുത്തിൽനിന്നു സാമാന്യമായി ചിലതൊക്കെ മനസ്സിലാക്കാനുണ്ട്. കടലാസ്സിന്റെ മുകളിൽ വലത്തുഭാഗത്തായി സ്ഥലവും, അതിനടിയിൽ എഴുതെഴുതുന്ന തിയ്യതിയും

കാണിച്ചിരിക്കണം. ഏതുദിക്കിൽനിന്നു എഴുത്തയക്കുന്നുവോ ആ ദിക്കിന്റെ പേരാണ് മുകളിൽ കാണിക്കേണ്ടതു്. ആർക്ക് എഴുത്തെഴുതണമെന്നു നാം വിചാരിക്കുന്നുവോ അവരെ അഭി സംബോധനംചെയ്യുന്ന ഒരു പദം ഇടത്തു മാറിഎഴുതുകയാണു പിന്നീടു വേണ്ടതു്. പ്രിയപ്പെട്ട സ്നേഹിതാ, സുഹൃത്തേ, മിത്രമേ, മാന്യമിത്രമേ, വന്ദ്യസ്നേഹരേ, പ്രിയസഹോദരി, പ്രിയപ്പെട്ട അമ്മേ, എന്നു തുടങ്ങി സന്ദർഭവും ഔചിത്യവും നോക്കി ഏതെങ്കിലും ഒരു പദം ഇവിടെ എഴുതാം. ഈ സംബോധനാപദം മറന്നുപോകരുതു്.

3. പിന്നീടു് നമുക്കു അറിയിക്കുവാനുള്ള കാര്യങ്ങളാം ഒരോന്നായിട്ടെഴുതാം. ചിലപ്പോൾ പല സംഗതികളും നമുക്ക് എഴുതേണ്ടതായിട്ടുണ്ടായിരിക്കാം. അങ്ങനെ വരുമ്പോൾ ഓരോ സംഗതിയും എഴുതി അവസാനിച്ചാൽ, ആ വരി അവിടെ മതിയാക്കി അടുത്ത വരി തുടങ്ങണം. ഇങ്ങനെ വരി മാറ്റി എഴുതുന്നതിനു് 'ഖണ്ഡിക മാറുക' എന്നു പറയും. പരസ്പരബന്ധമുള്ള സംഗതികളെ മാത്രമേ ഒരു ഖണ്ഡികയിൽ വിവരിക്കാവൂ. മേലുദ്ധരിച്ച എഴുത്തിൽ നാലുഖണ്ഡികകളുണ്ടു്. ഒന്നാം ഖണ്ഡികയിൽ രമേശന്റെ പരിപ്പിനേയും പരീക്ഷയെയുംപറ്റി വിവരിക്കുന്നു. അതവസാനിച്ചു, കുട്ടികളെപ്പറ്റി പറയേണ്ടി വന്നപ്പോൾ ഖണ്ഡിക മാറ്റിഎഴുതിയിട്ടുള്ളതു നോക്കുക. അനന്തരം അവന്റെ സുഖക്കേടിനെപ്പറ്റി വിവരിക്കുന്നതാണു തൃതീയഖണ്ഡിക. കൊല്ലത്തെ ദേശസ്ഥിതിയും രമേശന്റെ ദേഹസ്ഥിതിയും നാലാമത്തെ ഖണ്ഡികയിലാണു് വിവരിച്ചിരിക്കുന്നതു്. നിങ്ങളും എഴുത്തെഴുതുമ്പോഴെല്ലാം വേണ്ടസ്ഥലത്തു് ഇതുപോലെ ഖണ്ഡിക മാറ്റി എഴുതാൻ ശീലിക്കേണ്ടതാണു്.

4. അറിയിക്കാനുള്ളതൊക്കെ എഴുതിക്കഴിഞ്ഞാൽ എഴുത്തെഴുതുന്ന ആളുടെ പേരും ഒപ്പും ചേർക്കുന്നതാകുന്നു. പേരിനു

മുമ്പിലായി സ്വന്തം, വിധേയനായ, വിനീതനായ, വിശ്വസ്തനായ, വാത്സല്യഭാജനമായ എന്നിങ്ങനെ അവസരോചിതമായ ഏതെങ്കിലും ഒരു വിശേഷണപദം ചേർക്കുന്നതു നന്നായിരിക്കും.

5. എഴുത്തെഴുതി മടക്കി കുട്ടിലാക്കിക്കഴിഞ്ഞാൽ അതു കിട്ടേണ്ട ആളുടെ മേൽവിലാസവും പുറമെത്തെഴുതേണ്ടതാകുന്നു. മേൽവിലാസമെഴുതാതെ എഴുത്തയക്കുന്നപക്ഷം, നാം ഉദ്ദേശിക്കുന്ന ആളിന് അതു കിട്ടുകയില്ലല്ലൊ. മേൽവിലാസം എഴുതേണ്ട മാതൃക താഴെ കാണിക്കാം.

ശ്രീമാൻ

പി. കെ. മനോമോഹനൻ അവർകൾ,

'ശാരദാമന്ദിരം',

ബീച്ച് റോഡ്,

മദ്രാസ് ×

6. മേൽവിലാസത്തിൽ പേരിന് മുകളിൽ 'ശ്രീമാൻ' എന്നോ 'ശ്രീയുത്' എന്നോ ചേർക്കുന്നതു മര്യാദക്കുവേണ്ടിയാണ്, സ്ത്രീകൾക്കാണ് കത്തെഴുതുന്നതെങ്കിൽ 'ശ്രീമതി' എന്നു വേണം എഴുതാൻ. × ഈ ചിഹ്നം ചേർക്കുന്നതു് അഞ്ചലാപ്പീസ് (അല്ലെങ്കിൽ തപാലാപ്പീസ്) ആ സ്ഥലത്താണെന്നു കാണിക്കുന്നതിനു വേണ്ടിയാണ്. മേൽവിലാസവും കൂടി എഴുതിയതിൽ മാത്രമേ 'എഴുത്തു്' മുഴുവനാകയുള്ളു എന്നു പ്രത്യേകം ഓർക്കണം. ഒന്നാമതായി എഴുത്തുകിട്ടേണ്ട ആളുടെ പേരു്; അടുത്തായി വീട്ടുപേരു്, അല്ലെങ്കിൽ ഉദ്യോഗപ്പേരു്; അതിനടിയിൽ കര, ദേശം, അഥവാ തെരുവു്; ഒടുവിൽ സ്ഥലനാമം. ഇതാണു് മേൽവിലാസത്തിന്റെ രീതി.

അഭ്യാസം. 24

1. പരീക്ഷയിൽ ജയിച്ച വിവരവും വീട്ടിലെ വിശേഷവും കാണിച്ച് സ്നേഹിതന് ഒരു എഴുത്തു തയ്യാറാക്കുക. 2. സുഖക്കേടുനിമിത്തം ക്ലാസ്സിൽ ഹാജരാകാൻ സാധിക്കാതെ വന്നിരിക്കുന്ന സംഗതി വിവരിച്ച് അദ്ധ്യാപകന് ഒരെഴുത്തെഴുതുക. 3. നിങ്ങൾക്ക് ക്ലാസ്സിൽ ആവശ്യമുള്ള ഒരു പുസ്തകം അയച്ചുതരാൻ ആവശ്യപ്പെട്ടുകൊണ്ട് അമ്മയ്ക്ക് ഒരെഴുത്തെഴുതുക.

---

൨൪ സൈഗികവാക്യം

1. വേലക്കാർ പാടത്തു പണിയെടുക്കുന്നു.

2. സത്യം ജയിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

3. അമ്മ വളരെ നിർബ്ബന്ധിച്ചുനോക്കി; എന്നിട്ടും മകൻ വഴക്കിനുപോയി.

1. ഒന്നാമത്തെ വാക്യത്തിൽ വേലക്കാരെപ്പറ്റിയുള്ള ഒരാശയം മാത്രമേയുള്ളൂ അതു് ഒരു ചൂണ്ടികയാകുന്നു. രണ്ടാമത്തേതിൽ രണ്ടാശയം അടങ്ങിയിട്ടുണ്ട്. 'സത്യം വിജയിക്കും' എന്നുള്ളതു് പൂർണ്ണമായ ആശയം അടങ്ങിയ ഒരു ചൂണ്ടികയാകുന്നു. 'ഞാൻ വിശ്വസിക്കുന്നു' എന്നുള്ളതും ഒരു ചൂണ്ടികതന്നെ. 'എന്നു' എന്നുള്ള ഘടകശബ്ദം ആ രണ്ടു ചൂണ്ടികകളേയും കൂട്ടിച്ചേർത്തിരിക്കുന്നു. കൂട്ടിച്ചേർത്തപ്പോൾ 'ഞാൻ വിശ്വസിക്കുന്നു' എന്നുള്ള അവസാനത്തെ ചൂണ്ടിക സ്വതന്ത്രവും, "സത്യം ജയിക്കുമെന്നു്" എന്നതു് അസ്വതന്ത്രവും ആയിത്തീർന്നു. അസ്വതന്ത്രമായ അംഗവാക്യം സ്വതന്ത്രമായ അംഗിവാക്യത്തെ ആശ്രയിച്ചുനില്ക്കുന്നു. അംഗവാക്യത്തോടുകൂടിയ അംഗിവാക്യം 'സങ്കീർണ്ണക' മാണെന്നു പഠിച്ചുകഴിഞ്ഞിട്ടുണ്ടല്ലൊ. മേൽ ഉദാഹരിച്ചവയിൽ രണ്ടാമത്തെ വാക്യം ഒരു സങ്കീർണ്ണകമാകുന്നു.

2. ഇനി മൂന്നാമത്തെ വാക്യം നോക്കാം. 'അമ്മ വളരെ നിർബ്ബന്ധിച്ചുനോക്കി; എന്നിട്ടും മകൻ വഴക്കിനു പോയി' എന്നാണല്ലൊ ആ വാക്യം. വ്യാകരണനിയമമനുസരിച്ച്, ആ

രണ്ടു വാക്യങ്ങളും സ്വതന്ത്രങ്ങളാകുന്നു. എന്നാൽ ആശയംകൊണ്ടു നോക്കിയാൽ അവയ്ക്കു തമ്മിൽ പരസ്പരബന്ധമുണ്ട്. പറയാതെതന്നെ അമ്മയുടെ ഹിതം അനുവർത്തിക്കേണ്ടതു് മക്കളുടെ കടമയാണു്. അമ്മ നിർബ്ബന്ധിക്കുകയോ ചെയ്താൽ നിശ്ചയമായും മക്കൾ അനുസരിക്കും എന്നു തന്നെയാണു് പ്രതീക്ഷ. അതിനു നേരെ വിപരീതമായി 'അമ്മയുടെ നിർബ്ബന്ധം വകവെക്കാതെ, മകൻ വഴക്കിനു പോവുകയാണുണ്ടായതു്'. അതായതു്, പ്രതീക്ഷയ്ക്കു വിരുദ്ധമായിട്ടാണു്' സംഭവം നടന്നതു്. ഈ വിരുദ്ധത കാണിക്കുന്നതിനായി രണ്ടു വാക്യങ്ങളുടേയും മദ്ധ്യത്തിൽ 'എന്നിട്ടും' എന്ന ഘടകപദം പ്രയോഗിച്ചിരിക്കുന്നു.

വേറെ ഉദാഹരണം:—

ഇന്നലെ ഞാൻ ഈ നാട്ടിലില്ലായിരുന്നു; അതുകൊണ്ടാണു, സ്കൂളിലേക്കു വരാതിരുന്നതു്.

5. സ്കൂളിലേക്കു വരാതിരുന്നതിനുള്ള കാരണം മുന്നമെത്തെ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. രണ്ടും പൂർണ്ണക്രിയയിലവസാനിക്കുന്നേ സ്വതന്ത്ര പൂർണ്ണികകളാണെങ്കിലും അവയ്ക്കു തമ്മിൽ 'കാര്യകാരണഭാവം' ഉള്ളതിനാൽ ആശയംകൊണ്ടു് ബന്ധപ്പെട്ടാണു് നില്ക്കുന്നതു്. 'അതുകൊണ്ടു' എന്ന പദം, അതിനു മുമ്പും പിമ്പുമുള്ള വാക്യങ്ങൾതമ്മിലുള്ള ബന്ധത്തെ കാണിക്കുന്നു. ഇങ്ങനെ വ്യാകരണദൃഷ്ട്യാ സ്വതന്ത്രങ്ങളാണെങ്കിലും ആശയംകൊണ്ടു പരസ്പരബന്ധമുള്ള വാക്യങ്ങളെ കൂടിച്ചേരുന്നതാണു് യൌഗികവാക്യം.

സൂര്യൻ അസ്തമിക്കയും ചന്ദ്രൻ ഉദിക്കയും ചെയ്തു.

4. 'സൂര്യൻ അസ്തമിച്ചു', 'ചന്ദ്രൻ ഉദിച്ചു', എന്ന രണ്ടു പൂർണ്ണികകളും ചേർന്നുണ്ടായ ഒരു യൌഗികവാക്യമാണു് മേല്പറഞ്ഞിരിക്കുന്നതു്. 'ഉം' എന്ന സമുച്ചയം ആ രണ്ടു വാക്യങ്ങളെ കൂട്ടിച്ചേർത്തിരിക്കുന്നു. 'അസ്തമിച്ചു', 'ഉദിച്ചു' എന്ന രണ്ടു ക്രിയകളും സമുച്ചയം ചേർന്നപ്പോൾ 'അസ്തമിക്കയും ഉദിക്കയും ചെയ്തു' എന്നായിത്തീർന്നിരിക്കുന്നു.

5. എന്നാൽ, എന്നിട്ടും, പക്ഷെ, അതുകൊണ്ട്, എന്തുകൊണ്ടെന്നാൽ, ഉം മുതലായ ഘടകശബ്ദങ്ങളും, വാക്യങ്ങളും തമ്മിലുള്ള ബന്ധത്തെ കാണിക്കും. വേറെ ഉദാഹരണം;—

1. നേരം വെളുത്തു; എന്നിട്ടും ഇരുട്ട മാറിയിട്ടില്ല. 2. ഞാൻ പറഞ്ഞുനോക്കി; പക്ഷെ ഫലമുണ്ടായില്ല. 3. പ്രതാപസിംഹൻ യുദ്ധത്തിൽ ജയിക്കുമെന്നാണ് എല്ലാവരും വിചാരിച്ചിരുന്നതു; എന്നാൽ ഫലം നേരെ മറിച്ചായിരുന്നു. 4. പരാക്രമശാലിയായ ജയസിംഹൻ തോറ്റുപോയതിൽ അത്ഭുതപ്പെടാനില്ല; എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിനു ശരിയായ പിൻതുണയില്ലായിരുന്നു.

6. 'നേരം വെളുത്തു; എന്നിട്ടും ഇരുട്ട മാറിയിട്ടില്ല' എന്നു്, വാക്യം രണ്ടായിരുന്നാൽ മാത്രമേ യൌഗികവാക്യമാകയുള്ള. രണ്ടും കൂട്ടിച്ചേർത്തു് 'നേരം വെളുത്തിട്ടും ഇരുട്ട മാറിയിട്ടില്ല' എന്നു് ക്കുറിക്കിയാൽ അതു സങ്കീർണ്ണകമായിത്തീരും

7. ചിഹ്നം. മേൽ ചേർത്തിട്ടുള്ള ഉദാഹരണവാക്യങ്ങളിൽ വാക്യങ്ങളുടെ നടുക്കു്; എന്നു ചിഹ്നം ഇട്ടിട്ടുള്ളതു് നോക്കുക. അതിനു രോധിനി എന്നാണു് പേർ. വാക്യങ്ങൾ സ്വതന്ത്രങ്ങളായിരിക്കുകയും ആശയംകൊണ്ടു് അവ പരസ്പരം ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്ന സ്ഥലത്തു്, രോധിനി ഉപയോഗിക്കണം.

അഭ്യാസം 25.

1. യൌഗികവാക്യമാക്കുക.

1. സേനാനായകൻ കഠിനമായി ശിക്ഷിക്കുമെന്നു പാഞ്ഞിട്ടും സൈന്യങ്ങൾ അദ്ദേഹത്തിനെതിരെ കല്പന അനുസരിച്ചില്ല. 2. നീ പറഞ്ഞതൊക്കെ ശരിയാണെങ്കിലും ഞാൻ അതു അനുസരിക്കാൻ തയ്യാറില്ല.

2. അതുകൊണ്ടു് എന്തുകൊണ്ടെന്നാൽ, ഉം, ഈ ഘടകങ്ങളും ചേർത്തു് കുറേ യൌഗികവാക്യമുണ്ടാക്കുക. 3. 'രോധിനി', അങ്കുശം' ഈ ചിഹ്നങ്ങളും ഉപയോഗിക്കേണ്ടതെവിടെയെന്നു് ഉദാഹരണംകൊണ്ടു തെളിയിക്കുക.

ഭാഷ

വിചാരങ്ങളെ പരസ്പരം അറിയിക്കാതെ മനുഷ്യർക്ക് ജീവിതം നയിക്കുവാൻ പ്രയാസമാകുന്നു. നമുക്ക് ഒരു കാര്യം ഒരു സ്നേഹിതനെക്കൊണ്ട് സാധിക്കേണ്ടതായുണ്ട് എന്നു സങ്കല്പിക്കുക. ആ കൂട്ടുകാരനെ ഇംഗിതം അറിയിക്കുവാൻ ഉപായമില്ലാതെ പക്ഷം എങ്ങനെയാണ് അതു സാദ്ധ്യമാവുക? അതിനാൽ ആശയങ്ങളെ അന്യോന്യം ഗ്രഹിപ്പിക്കുവാൻ ഒരു മാർഗ്ഗം നമുക്കുണ്ടായേ കഴിയൂ. അതാണ് ഭാഷ.

നിങ്ങൾക്ക് ഒരു പുസ്തകംവേണം എന്നിരിക്കട്ടെ. ഈ ആഗ്രഹം നിങ്ങൾ രക്ഷാകർത്താക്കന്മാരോടു പറയും. അവർ അതു വാങ്ങിത്തരികയും ചെയ്യും. മൃഗങ്ങൾക്കും പക്ഷികൾക്കും വിശപ്പോ ദാഹമോ തോന്നിയാൽ ആഹാരം വേണം എന്നോ വെള്ളം തരണമെന്നോ പറയാറുണ്ടോ? അവയ്ക്കു സംസാരശക്തി ഇല്ല. ആ മൂകജീവികളെ അപേക്ഷിച്ച് മനുഷ്യൻ എത്രഭാഗ്യവാനാണ്. തന്റെ മനോഗതങ്ങളെ സ്പഷ്ടമാക്കുവാൻ അവനു ഭാഷയും സംഭാഷണശക്തിയും ഉണ്ടല്ലൊ.

സമീപസ്ഥരായുള്ളവരെ വികാരങ്ങളും വിചാരങ്ങളും അറിയിക്കുന്നതിനു നേരിട്ടു സംസാരിച്ചാൽ മതി. വ്യക്തമാകാതെ വന്നാൽ ആവർത്തിച്ചു പറയാം; ആംഗ്യങ്ങളെ, ആശയവിശദീകരണത്തിനു സഹായമായി പ്രയോഗിക്കയുമാവാം. എന്നാൽ അകലെ തമസിക്കുന്നവരെ വിവരം ഗ്രഹിപ്പിക്കുന്നതിനു ഉറക്കെപ്പറഞ്ഞാലും കഴിയില്ലല്ലൊ. അതിനുള്ള മാർഗ്ഗം എഴുതി അയയ്ക്കുകയാകുന്നു. അതിനാൽ സംസാരിക്കുന്ന ഭാഷ, വാമൊഴി; എഴുതുന്ന ഭാഷ, വരമൊഴി എന്നൊരു വിഭാഗം കല്പിക്കപ്പെടുന്നതാണ്.

ആശയപ്രകാശത്തിനുള്ള ഉപകരണമാണല്ലൊ ഭാഷ. അതിന്റെ നിയമങ്ങളെക്കുറിച്ച് സാമാന്യജ്ഞാനമെങ്കിലും ഇല്ലെങ്കിൽ, വികാരവിചാരങ്ങളെ ഒന്നുകൂടാതെ പ്രത്യക്ഷമാക്കുവാൻ

പ്രയാസം നേരിട്ടും. ശുദ്ധമായ ഭാഷാപ്രയോഗത്തിന് അറിഞ്ഞിരിക്കേണ്ട നിയമങ്ങളാണ് വ്യാകരണത്തിൽ പ്രതിപാദിക്കുന്നത്.

നമ്മുടെ മാതൃഭാഷ മലയാളമാകുന്നു. ഒരു കോടിയിൽപരം ആളുകൾ ഈ മനോഹരമായ ഭാഷ സംസാരിച്ചുവരുന്നുണ്ട്. ലോകത്തിലുള്ള അനേകം ഭാഷകളിൽ ഒന്നുമാത്രമാണ് മലയാളം.

൨൭. അക്ഷരമാല.

1. ഒരു ഭാഷയിലെ അക്ഷരങ്ങളെ എല്ലാംകൂടിയതാണ് ആ ഭാഷയിലെ അക്ഷരമാല. ഇംഗ്ലിഷ് അക്ഷരമാലയിൽ 26 അക്ഷരങ്ങളാണുള്ളതെന്നു നിങ്ങൾക്കറിയാമല്ലൊ. മലയാളത്തിൽ ആകെ അമ്പതു അക്ഷരങ്ങളുണ്ട്. അവയെ സ്വരം എന്നും വ്യഞ്ജനം എന്നും രണ്ടായി തിരിച്ചിരിക്കുന്നു.

A. സ്വരങ്ങൾ 14.

അ.	ആ.	ഇ.	ഈ.	ഉ.	ഊ.	ഋ.
ൠ.	എ.	ഏ.	ഐ.	ഒ.	ഓ.	ഔ.

B. വ്യഞ്ജനങ്ങൾ 36.

ക.	ഖ.	ഗ.	ഘ.	ങ.
ച.	ഛ.	ജ.	ഝ.	ഞ.
ട.	ഠ.	ഡ.	ഢ.	ണ.
ത.	ഥ.	ദ.	ധ.	ന.
പ.	ഫ.	ബ.	ഭ.	മ.
യ.	ര.	ല.	വ.	ശ.
ഷ.	സ.	ഹ.	ള.	ഴ. റ.

ഇങ്ങനെ 14 സ്വരങ്ങളും 36 വ്യഞ്ജനങ്ങളും കൂടിച്ചേർന്നതാണ് മലയാളത്തിലെ അക്ഷരമാല.

1. ഹ്രസ്വമെന്നും ദീർഘമെന്നും സ്വരങ്ങളെ രണ്ടായി തിരിക്കാം. കുറുക്കി ഉച്ചരിക്കുന്നതു് ഹ്രസ്വവും നീട്ടി ഉച്ചരിക്കുന്നതു ദീർഘവുമാകുന്നു.

ഹ്രസ്വം:— അ. ഇ. ഉ. ഋ. ഌ. എ. ഒ.

ദീർഘം:— ആ. ഈ. ഊ. ൠ. ൡ. ഏ. ഓ. ഔ.

ഹ്രസ്വമായ ഉകാരത്തിനു ഭാഷയിൽ രണ്ടുതരത്തിലുള്ള ഉച്ചാരണമുണ്ടു്. പന്തു്, മുളകു് എന്നിത്യാദി പദങ്ങളുടെ ഒടുവിൽ കാണുന്ന ഉകാരം അല്പം ഉംവലിയോടുകൂടിയാണു് ഉച്ചരിക്കേണ്ടതു്. തരു, ഗുരു മുതലായ പദങ്ങളിലെ ഉകാരം അങ്ങിനെയല്ല; അതു ഉറക്കെച്ചരിക്കാം. ആദ്യത്തേതിനു സംവൃതോകാരമെന്നും രണ്ടാമത്തേതിനു വിവൃതോകാരമെന്നും പേർ. സംവൃതോകാരം ഒരു വ്യഞ്ജനത്തോടുകൂടി മാത്രമേ നില്ക്കുകയുള്ളു. വിവൃതോകാരം തനിയേയും നില്ക്കും. സംവൃതോകാരത്തെ കാണിക്കാൻ, അക്ഷരത്തിൽ ഉകാരചിഹ്നം ചേർത്തതിനുശേഷം മുകളിൽ ചന്ദ്രക്കല ഇടുകയാണു പതിവു്.

അത്തു്, കുട്ടു്, നന്തു് ഇത്യാദി ഉദാഹരണം.

ചന്ദ്രക്കല ഇടുന്നതിനുള്ള പ്രധാനമായ പ്രമാണം ഉച്ചാരണമാകുന്നു. എങ്കിലും വൈയാകരണന്മാർ ചില സാമാന്യനിയമങ്ങളും ഏർപ്പെടുത്തീട്ടുണ്ടു്.

a. ഉകാരം സംവൃതമാണെങ്കിൽ, വാക്യങ്ങളുടെ അവസാനത്തിലെല്ലാം ചന്ദ്രക്കല ഇടേണ്ടതാണു്.

ഉദാഹരണം:—

പശു അവിടെയുണ്ടു്.

അസാധ്യമായ കാര്യമാണതു്.

b. ഒരു സ്വരം പരമായാൽ പദ്യത്തിലും ചന്ദ്രക്കല ഉപയോഗിക്കണം.

ഉദാഹരണം: —

അവൻ പറഞ്ഞതു് അതു ശരിയല്ല.

അതു് അസാധ്യമായ കാര്യമാണു്.

c. അല്പവിരാമത്തിനു മുൻപിലും ചന്ദ്രക്കല വേണം.

അയാൾ ജയിച്ചതു്, വീട്ടുകാർക്കെല്ലാം സന്തോഷത്തിനു കാരണമായി.

d. ആണു എന്ന ക്രിയാപദം പ്രയോഗിക്കുന്നിടത്തെല്ലാം, ചന്ദ്രക്കല ഇടണം.

അവൻ സാധുവാണു്.

ശരിയാണു് അവൻ ചെയ്തതു്.

തെറ്റാണു് നിങ്ങളുടെ പ്രവൃത്തി.

a. ഇനി വ്യഞ്ജനങ്ങളെപ്പറ്റി പറയാം. വ്യഞ്ജനങ്ങൾക്കും ചില വിഭാഗങ്ങളുണ്ടു്. ക. ഖ. ഗ ഘ. ങ. എന്ന അഞ്ചു വ്യഞ്ജനങ്ങളും ചേർന്നതിനു 'കവർഗ്ഗം' എന്നു പേർ. ആ അഞ്ചു വർണ്ണത്തിലെ ആദ്യത്തെ അക്ഷരത്തോടുകൂടി 'വർഗ്ഗ' എന്നു കൂട്ടിച്ചേർത്തു പറയുകയുമാണു് ചെയ്യുന്നതു്. ഇതുപോലെ 'മ' വരെയുള്ള 25 വ്യഞ്ജനങ്ങളെ അഞ്ചഞ്ചുവർണ്ണമുള്ള അഞ്ചു വർഗ്ഗങ്ങളായി തിരിക്കാം. അവയുടെ ക്രമത്തിൽ കവർഗ്ഗം, ചവർഗ്ഗം, ടവർഗ്ഗം, തവർഗ്ഗം, പവർഗ്ഗം എന്നു പേരുകൾ കിട്ടും. യ, ര, ല, വ, എന്നിവയുടെ മദ്ധ്യമങ്ങൾ എന്നു പേർ. ശ, ഷ, സ, ഹ എന്നീ നാലക്ഷരങ്ങൾക്കു ഊഷ്മാക്കൾ എന്നാണു് പേർ. ള, ഴ, റ ഇവ ദ്രാവിഡമദ്ധ്യമങ്ങളാകുന്നു. ം അനുസ്വാരം; ഃ വിസർഗ്ഗം ഇതനുസരിച്ചുള്ള വ്യഞ്ജനവിഭാഗം താഴെ ചേർക്കുന്നു

ക.	ഖ.	ഗ.	ഘ.	ങ.	കവർഗ്ഗം
ച.	ഛ.	ജ.	ഝ.	ഞ.	ച ,,
ട.	ഠ.	ഡ.	ഢ.	ണ.	ട ,,
ത.	ഥ.	ദ.	ധ.	ന.	ത ,,
പ.	ഫ.	ബ.	ഭ.	മ.	പ ,,
യ.	ര.	ല.	വ.		മധ്യമങ്ങൾ
ശ.	ഷ.	സ.	ഹ.		ഉഷ്മാക്കൾ
ള.	ഴ.	റ.			ദ്രാവിഡമധ്യമങ്ങൾ
ം					അനുസ്വാരം
ഃ					വിസർഗ്ഗം

4. വ്യഞ്ജനങ്ങളെ സ്വരസഹായത്തോടുകൂടിയാണ് സാധാരണമായി നാം ഉച്ചരിക്കാറുള്ളത്. 'ക' എന്ന അക്ഷരം ക് + അ എന്ന രണ്ടു വർണ്ണങ്ങൾ കൂടിച്ചേർന്നുണ്ടായതാകുന്നു. സ്വരങ്ങളും വ്യഞ്ജനങ്ങളോട് കൂടിച്ചേരുമ്പോൾ ചില ചിഹ്നങ്ങളെ പയോഗിച്ചാണ് അവയെ സൂചിപ്പിക്കാറുള്ളത്. ക് + ഉ = കു; ര് + ഉ = രു; പ് + ഉ = പു; ശ് + ഉ = ശു ഇത്യാദി.

5. വ്യഞ്ജനങ്ങൾ കൂടിച്ചേർന്ന കൂട്ടക്ഷരങ്ങൾ ഉണ്ടാകുമ്പോഴും ചില ചിഹ്നങ്ങൾ ഉപയോഗിക്കാറുണ്ട്. ഗ് + യ = ഗ്യ; പ് + ര = പ്ര; ശ് + ല = ശ്ല; ശ് + ര = ശ്ര; ര് + ശ = ശ്ര; ട് + ട = ട്ട; ഡ് + ഡ = ഡ്ഡ; വ് + വ = വ്വ; ബ് + ബ = ബ്ബ; പ് + പ = പ്പ; ശ് + ശ = ശ്ശ ഇത്യാദി.

അഭ്യാസം 26.

1. അക്ഷരമാല എന്നാൽ എന്ത്? 2 സംവൃതോകാരം, വിവൃതോകാരം ഇവ തമ്മിലുള്ള വ്യത്യാസം വിവരിക്കുക. 3 സംവൃതോകാരം ഉപയോഗിക്കേണ്ടതു എപ്പോൾ? 4 മധ്യമങ്ങൾ, ദ്രാവിഡമധ്യമങ്ങൾ ഇവ ഏവ? 5 ഹ്രസ്വം, ദീർഘം ഇവ പേരുകളുടെ അർത്ഥമെന്ത്? താഴെ എഴുതുന്ന വാക്കുകളിലെ ഹ്രസ്വദീർഘങ്ങളെ വേർതിരിച്ചെഴുതുക.

പൂരാല; നാരായണീ; പലവക

ഒറ്റ കഥ (പ്രത്യുൽപാദനം)

1. അന്യന്മാർ രചിച്ചിട്ടുള്ള കഥകളും മറ്റും വായിച്ച് അവയെ സ്വഭാഷയിൽ വീണ്ടും എഴുതുന്നതിനാണ് പ്രത്യുൽപാദനം (Reproduction) എന്നു പറയുന്നത്. അടിയിൽ കൊടുത്തിരിക്കുന്ന കഥ ശ്രദ്ധാപൂർവ്വം വായിക്കുക.

2. 'പണ്ട് ഒരു പ്രഭു ഒരു പുഷ്പാഞ്ജലി നടത്തണമെന്നു തീർച്ചയാക്കി. ആയിരം താമരമൊട്ട കൊണ്ടുവരുന്നവർക്കു, വിലയുടെ പുറമെ എന്തെങ്കിലും സമ്മാനംകൂടി നല്കുന്നതാണെന്ന് അറിയിപ്പ് പ്രസിദ്ധപ്പെടുത്തി. മഞ്ഞുകാലമായിരുന്നതിനാൽ താമരമൊട്ട കിട്ടുവാൻ പ്രയാസമായിരുന്നു.

"ഒരു ദരിദ്രനായ ഗ്രാമവാസി എവിടെനിന്നോ കഷ്ടപ്പെട്ട് പറിച്ചുകൊണ്ടുവരുന്ന പൂമൊട്ടുകളുംകൊണ്ട് പ്രഭുവിന്റെ ഗൃഹത്തിനു മുമ്പിൽ എത്തി. കാവൽക്കാരൻ അയാളെ കടത്തിവിട്ടില്ല. 'ആരേയും അകത്തേക്കു വിടരുതെന്നാണ് കല്പന', എന്നു ആ ശിപായി മീശ പിരിച്ചുകൊണ്ടു പറഞ്ഞു.

ഗ്രാമീണൻ നിരാശനായി. എങ്കിലും അയാളും ഒരുപായം പ്രയോഗിച്ചുനോക്കി. 'എന്നെ കടത്തിവിട്ടാൽ തിരുമേനി കോപിക്കയില്ല. ഈ പൂമൊട്ട കിട്ടുമ്പോൾ അവിടുന്നു സന്തോഷിക്കും. എനിക്കു ലഭിക്കുന്നതിൽ പകുതി ഞാൻ നിങ്ങൾക്കു തരാം', എന്ന്, ആ പൂക്കാരൻ പറഞ്ഞു.

'കാവൽക്കാരനു സന്തോഷമായി. അയാളും ആ ഗ്രാമീണനെ കടത്തിവിട്ടു.

"എന്തു വില തരണം എന്നു പ്രഭു ചോദിച്ചപ്പോൾ പൂവുകൊണ്ടു ചെന്നിരുന്ന ആൾ, അടിയനു ഇരുപത്തിനാലടി തരണം'.എന്നാണ് സവിനയം അപേക്ഷിച്ചത്. ആ പാവത്തിനു ഭ്രാന്തായിരിക്കും എന്നു കേട്ടുനിന്നവർ വിചാരിച്ചു. 'പൂവിനു കിട്ടുന്ന പ്രതിഫലത്തിൽ പകുതി പടിക്കൽ നില്ക്കുന്ന കാവൽക്കാ

രന്നു കൊടുക്കാമെന്നു സമ്മതിച്ചിട്ടാണ് ആ മനുഷ്യൻ അടിയനെ ഇങ്ങോട്ടു പറഞ്ഞയച്ചതു്. അതിനാൽ ചോദിച്ചതിൽ പകുതി ആ ശിപായിക്കു കൊടുക്കുവാൻ കനിവുണ്ടാകണം' എന്നു പൂക്കാരൻ അറിയിച്ചപ്പോഴെ ആളുകൾക്കു സത്യം മനസ്സിലായുള്ളൂ.

"പ്രഭു ശിപായിയെ ശിക്ഷിക്കുകയും ആ സാധുവായ ഗ്രാമവാസിയെ സമ്മാനങ്ങളാൽ സന്തോഷിപ്പിക്കുയുമ്മുയും ചെയ്തു."

2. കഥാസന്ദർഭം വ്യക്തമായി ഗ്രഹിക്കുന്നതിനു സഹായം ചില ചോദ്യങ്ങൾ ചോദിച്ചു സമാധാനം കണ്ടുപിടിക്കുക. എന്തിനാണ് നാട്ടുവാഴി താമരമൊട്ടുവശ്യപ്പെട്ടതു? ഏതു കാലമായിരുന്നതിനാലാണ് അതിനു തയ്യാറില്ലായ്മ നേരിട്ടതു്? നാട്ടുമുറ്റത്തുകാരനെ ആരു തടഞ്ഞു? അയാൾ എങ്ങനെ പ്രഭുവിന്റെ സന്നിധിയിലെത്തി? എന്തു പ്രതിഫലമാണ് പൂക്കാരൻ ആവശ്യപ്പെട്ടതു്? കൈക്കൂലി ചോദിച്ച ശിപായിക്കു എന്തു സംഭവിച്ചു? ഇത്യാദി ചോദ്യങ്ങൾക്കു് ഉത്തരം കണ്ടുപിടിച്ചശേഷം അവയെ ആസ്പദമാക്കി കഥ സ്വന്തമായി പറയുക.

3. സ്വന്തമായി പറയുമ്പോൾ കഥാസന്ദർഭം മാത്രമെ അങ്ങനെ തന്നെ സ്വീകരിക്കുവാൻ പാടുള്ളൂ. അന്യവാക്യങ്ങൾ പകർത്തരുതു്. ഓരോ പ്രധാനസംഭവത്തെ സംബന്ധിക്കുന്ന വാക്യങ്ങൾ ഓരോ ഖണ്ഡികയായി എഴുതണം. സംഭവങ്ങളെ ക്രമം തെറ്റാതെ വിവരിക്കുകയും വേണം.

അഭ്യാസം 26.

പാഠപുസ്തകങ്ങളിലെ കഥകൾ വായിച്ചു അവയെ സ്വന്തമായി പറയുന്നതു പതിവാക്കുക

